# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



## ഫെബ്രുവരി 28 – നോമ്പാരംഭം

Vol. LXXII February 2022 No. 2



തലശ്ശേരി അതിരൂപതയുടെ
നിയുക്ത മെത്രാപ്പോലീത്ത
അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി
പിതാവിന് പാലാ രൂപതയുടെ
പ്രാർത്ഥനാശംസകൾ



പാലക്കാട് രൂപതയുടെ
നിയുക്ത മെത്രാൻ അഭിവന്ദ്യ
മാർ പീറ്റർ കൊച്ചുപുരയ്ക്കൽ
പിതാവിന് മാതൃരൂപതയുടെ
പ്രാർത്ഥനാശംസകൾ

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**FEBRUARY 2022**
**Vol. LXXII No. 2**

# CONTENTS


സർക്കുലർ ........................................................................ 83

സർക്കുലർ - കെ.സി.ബി.സി. ..................................................... 94

സർക്കുലർ ...................................................................... 100

സർക്കുലർ - കെ.സി.ബി.സി ...................................................... 109

അറിയിപ്പ് ....................................................................... 115

വാർത്തകൾ ..................................................................... 119

ആദരാഞ്ജലികൾ ................................................................. 147

വാർത്തകൾ ...................................................................... 71

Prot. No. 0041/2022

# സിനഡ് അനന്തര സർക്കുലർ

സീറോ മലബാർസഭയുടെ
മേജർ ആർച്ചു ബിഷപ് **കർദിനാൾ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ ആദ്യസമ്മേളനം 2022 ജനുവരി 7 മുതൽ 15 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് പ്രതി സന്ധികൾമൂലം രണ്ടു വർഷമായി ഓൺലൈനിൽ മാത്രം സാധ്യമായിരുന്ന സിനഡു സമ്മേളനം നേരിട്ടു നടത്താൻ അവസരമൊരുക്കിയ ദൈവപരിപാലനയ്ക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. പ്രതിസന്ധികൾക്കു നടുവിലും സഭാനൗകയെ ശാന്തമായി മുന്നോട്ടു നയിക്കുന്ന കർത്താവിന്റെ കരുണയ്ക്കു മുന്നിൽ പ്രാർത്ഥനാപൂർവ്വം കൃതജ്ഞതയർപ്പിച്ചുകൊണ്ടാണ് പിതാക്കന്മാർ സിനഡുസമ്മേളനത്തിലേക്ക് പ്രവേശിച്ചത്. പ്രാർത്ഥനയും പരിത്യാഗവും വഴി സിനഡിന്റെ വിജയത്തിനുവേണ്ടി പരിശ്രമിച്ച എല്ലാ വിശ്വാസികളോടും സിനഡു പിതാക്കന്മാർക്കുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാർവ്വത്രിക സഭയൊന്നാകെ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയുംപ്രേഷിതദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പഠനം നടത്തി 2023-ലെ സിനഡിനുവേണ്ടി ഒരുങ്ങുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തകളെ ആധാരമാക്കിയാണ് നമ്മുടെ സിനഡിലെ ചർച്ചകളും പുരോഗമിച്ചത്.

**മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം**

നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം ഈ വർഷം നാം ആചരിക്കുകയാണല്ലോ. 2022 ജൂലൈ 3–ാം തിയതിയിലെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഈ വാർഷികം സമുചിതമായി കൊണ്ടാടാൻ സിനഡ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. മാർത്തോമ്മാശ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസചൈതന്യമാണ് നമ്മുടെ സഭയുടെ കരുത്ത്. 1923–ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വർഷത്തിലേക്കു നാം പ്രവേശിക്കുകയുമാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇരുപതു നൂറ്റാണ്ടുകളായി ഈ ശ്ലൈഹിക പാരമ്പര്യം അനുസ്യൂതം തുടരാൻ അനുഗ്രഹം തന്ന ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതത്തിലെ ക്രൈസ്തവവിശ്വാസികളും അവരുടെ സ്ഥാപനങ്ങളും ഏറ്റവുമധികം അക്രമങ്ങൾക്ക് ഇരയായ വർഷംകൂടിയാണിത്. സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്ന എല്ലാ ദൈവമക്കളെയും സിനഡുപിതാക്കന്മാർ പ്രാർത്ഥനാപൂർവ്വം ഓർമിക്കുന്നു. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികളുടെ സത്വരമായ ഇടപെടൽ ഉണ്ടാകണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**രക്തസാക്ഷി വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള**

ഭാരതത്തിൽനിന്നുള്ള ആദ്യരക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മെയ് 15–ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുകയാണ്. പ്രതിസന്ധി ഘട്ടങ്ങളിൽ വിശ്വാസവഴികളിൽ പതറാതെ സാക്ഷ്യം നല്കുന്നതിനുള്ള സജീവ മാതൃക

യാണ് ഈ പുണ്യാത്മാവ്. ഒരു വിശുദ്ധനെക്കൂടി നല്കി ഭാരതസഭയെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു വാഴ്ത്താം.

**പ്രേഷിത പ്രവർത്തനം**

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം സഭയുടെ പ്രേഷിതചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാവസരമാണ്. സ്വഭാവത്താൽ തന്നെ മിഷനറിയായ സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം സകലമനുഷ്യരെയും അറിയിക്കുക എന്നതാണ്. പ്രതികൂല സാഹചര്യങ്ങളിലും ജീവൻ പണയപ്പെടുത്തി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ മിഷനറിമാർ സഭയുടെ അഭിമാനമാണ്. അവരിലൂടെയാണ് രക്ഷയുടെ സന്ദേശം ലോകത്തിന്റെ അതിരുകളോളം പരിശുദ്ധാത്മാവ് എത്തിക്കുന്നത്. അതിനാൽ സെമിനാരി പരിശീലനത്തിന്റെ ആരംഭം മുതൽ പ്രേഷിതാഭിമുഖ്യം വളർത്താനുള്ള കർമപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. രാഷ്ട്രഭാഷയായ ഹിന്ദി നമ്മുടെ സെമിനാരികളിൽ ഇനിമേൽ അനിവാര്യമായ പഠനവിഷയമായിരിക്കും. ഈശോ ഏകരക്ഷകനാണ് എന്ന സത്യത്തിന്റെ പ്രഘോഷണവും ജീവിതസാക്ഷ്യവുമാണു പ്രേഷിതപ്രവർത്തനം. പ്രേഷിത മേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിവിധ അല്മായ പ്രസ്ഥാനങ്ങളെ സഭ ആദരവോടെ വീക്ഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾക്ക് സഭയുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചെയ്യുകയാണ്.

ഇതര മതവിശ്വാസികളുമായി ഹൃദയൈക്യത്തിൽ കഴിയുന്നതും സാഹോദര്യത്തിന്റെ സ്നേഹസമൂഹം സൃഷ്ടിക്കുന്നതും ഫലപ്രദമായ പ്രേഷിതപ്രവർത്തനമായാണ് സഭ വിലയിരുത്തുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വർഗീയതയുടെ അന്ധകാരത്തെ അകറ്റാൻ എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാകയാൽ നാമെല്ലാം സഹോദരങ്ങളാണ് എന്ന

സുവിശേഷസത്യമാണ് നിരന്തരം പ്രഘോഷിക്കേണ്ടത്. ലോകം നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരം ഈശോയുടെ സുവിശേഷമാണെന്ന ബോധ്യമാണു നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ അടിസ്ഥാനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അധ്വാനിക്കുമ്പോഴും വിദ്യാഭ്യാസ, ആതുരസേവന, ജീവകാരുണ്യ മേഖലകളിൽ കർമനിരതരാകുമ്പോഴും സഭയെ നയിക്കുന്നത് സുവിശേഷത്തോടുള്ള പ്രതിബദ്ധതയാണ്. മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും പ്രേഷിതരാകാനുള്ള കടമയുണ്ട് എന്നബോധ്യത്തോടെ നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകാം.

**കോവിഡ് പ്രതിസന്ധി**

കഴിഞ്ഞ രണ്ടു വർഷങ്ങളായി ആഗോളതലത്തിൽ കോവിഡ് മഹാമാരി വിതച്ച ദുരന്തഫലങ്ങളെ നാം നേരിടുകയാണല്ലോ. ഒമിക്രോൺ വകഭേദത്തിന്റെ ഭീഷണിയായി കോവിഡ് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചും സർക്കാർ ഏജൻസികൾ നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നാം അതിജീവിക്കണം .കോവിഡ് കാലത്ത് വിശ്വാസാനുഷ്ഠാനങ്ങൾ ഓൺലൈനിലായി പരിമിതപ്പെട്ട സാഹചര്യം നമുക്കുണ്ടായിരുന്നു. പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിനനുസരിച്ച്, കൂദാശാകർമങ്ങളിൽനേരിട്ടു പങ്കുചേരുന്ന പതിവു ശൈലിയിലേക്കു നാം തിരിച്ചു വരണം. കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലകപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ് മൂലം ആരുടെയും ജീവിതം വഴിമുട്ടാതിരിക്കാൻ ഇടവകകളിൽ അജപാലകർ പ്രത്യേകം ശ്രദ്ധ വയ്ക്കണം. വിശ്വാസവും സ്നേഹവും പ്രത്യാശയും വഴി നമുക്ക് മഹാമാരിയുടെ ഈ നാളുകളെ അതിജീവിക്കാം.

## കസ്തൂരിരംഗൻ റിപ്പോർട്ടും കർഷകരുടെ ആശങ്കയും

മലയോര മേഖലയിലെ കർഷകരെ വർഷങ്ങളായി ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സത്വര ശ്രദ്ധ പതിയണമെന്ന് സിനഡ് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുയാണ്. പരിസ്ഥിതിയെ ഏറ്റവും കരുതലോടെ സംരക്ഷിക്കുന്ന മലയോര കർഷകർക്കെതിരായ മുൻവിധിയോടെയാണ് പല പഠന റിപ്പോർട്ടുകളും പുറത്തുവരുന്നത് എന്നതു ദുഃഖകരമാണ്. പരിസ്ഥിതി സംരക്ഷണത്തെ സഭ എക്കാലവും സുവിശേഷ മൂല്യമായിട്ടാണു കരുതിയിട്ടുള്ളത്. കർഷകരുടെ ആശങ്കകൾ പരിഹരിക്കാനാവശ്യമായ വിശദമായ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളുമായി ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും ബഹു. കേരളാ മുഖ്യമന്ത്രിയെയും കേരളത്തിലെ പിതാക്കന്മാരും മറ്റു വിദഗ്ധരുമടങ്ങിയ സമിതി സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. സംരക്ഷിതവനങ്ങളും ലോകപൈതൃക കേന്ദ്രങ്ങളും മാത്രം പരിസ്ഥിതി സംവേദക പ്രദേശമായി (ESA) പ്രഖ്യാപിക്കുക, കർഷകന്റെ ഉപജീവനമാർഗമായ കൃഷിഭൂമിയോ, ചതുരശ്ര കിലോമീറ്ററിൽ 100 ആളുകളിൽ കൂടുതൽ അധിവസിക്കുന്ന ഭൂപ്രദേശങ്ങളോ ESA പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക എന്നിവയാണു കർഷകരുടെ മുഖ്യ ആവശ്യങ്ങൾ. കേരള സർക്കാർ 2018-ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പട്ടിക അശാസ്ത്രീയവും കർഷക വിരുദ്ധവുമാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാർ ആറുമാസം കൂടി സാവകാശം നൽകിയിട്ടുള്ളതിനാൽ കേരള സർക്കാർ കർഷകരുമായി കൂടിയാലോചിച്ച് പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പരിഷ്കരിച്ച മാപ്പ് എത്രയും വേഗത്തിൽ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കണം.

**ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ**

പൊതുവേ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻനിരയിലുള്ള ഒരു സമൂഹമായിട്ടാണ് കേരളത്തിലെ സീറോമലബാർ സമൂഹം കരുതപ്പെട്ടിരുന്നത്. എന്നാൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാം നടത്തിയ ശാസ്ത്രീയ പഠനങ്ങളും സ്ഥിതിവിവരകണക്കുകളും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ സമുദായത്തിന്റെ അംഗസംഖ്യ ക്രമാതീതമായി കുറഞ്ഞുവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻനിരയിലുണ്ടായിരുന്ന എല്ലാകാര്യങ്ങളിലും നാം പിന്നോക്കം പോയിരിക്കുകയാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകളും പരിമിതമായ സൗകര്യങ്ങളുള്ള ഭവനങ്ങളിലാണ് വസിക്കുന്നത്. 40 ശതമാനത്തിലേറെ കുടുംബങ്ങൾക്ക് 10 സെന്റിൽ താഴെ ഭൂമി മാത്രമാണുള്ളത്.
ശേഷിക്കുന്നവരിൽ 30 ശതമാനത്തിനും 50 സെന്റിൽ താഴെ മാത്രം ഭൂമിയാണുള്ളത്. നമ്മുടെ സമുദായത്തിലെ 34 ശതമാനം കുടുംബങ്ങളും ഇതരസമുദായങ്ങളോട് ചേർന്ന് വനാതിർത്തി പങ്കിടുന്നവരോ വന്യമൃഗശല്യം അനുഭവിക്കുന്നവരോ ആണ്. കാർഷിക മേഖലയിൽ തുടർച്ചയായുണ്ടായ തകർച്ച നമ്മുടെ സമുദായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പരിതാപകരമാക്കി. സർക്കാർജോലികളിലുള്ള നമ്മുടെ സമുദായത്തിന്റെ പ്രാതിനിധ്യവും വളരെ പരിമിതമാണ്. നമ്മുടെ സമുദായത്തിലെ 45 ശതമാനത്തിലേറെ കുടുംബങ്ങൾ കടക്കെണിയിലാണ്. കേരളത്തിൽതൊഴിലില്ലായ്മ ഏറ്റവും കൂടിയ സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിനു വെളിയിലുള്ള രൂപതകളിൽ ഇത്തരം ശാസ്ത്രീയ സർവേകൾ നടത്താനാഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ സഭാതലത്തിൽ നല്കുന്നതാണ്.

സമുദായത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള സത്വരമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാ രംഗങ്ങളിലും പിന്നോക്കം പോയിരിക്കുന്ന നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കു തിരിച്ചുകൊണ്ടുവരാനുള്ള കർമപദ്ധതികൾ ഇടവക, രൂപത അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ കർമപദ്ധതികൾ വിദഗ്ധരുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാൻ സഭയുടെ പൊതുകാര്യങ്ങൾക്കായുള്ള സമിതിയെ (Public Affairs Commission) ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം**

2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സീറോമലബാർ സഭയുടെ സിനഡ്, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിർദ്ദേശാനുസരണം ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സഭയിലൊന്നാകെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 2021 നവംബർ 28 മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച മുതൽ നടപ്പിലാക്കാൻ എടുത്ത ഈ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 എണ്ണത്തിലും ഇതിനോടകം പൊതുവേ നടപ്പിലായി എന്നത് ഏറെ സന്തോഷകരമാണ്. സഭയെ ഒന്നാകെ കൂട്ടായ്മയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അനന്തകാരുണ്യത്തിന് നമുക്ക് നന്ദി പറയാം. വർഷങ്ങളായി ശീലിച്ചുപോന്ന വിശുദ്ധ കുർബാനയർപ്പണരീതിയിൽ മാറ്റം വരുത്താൻ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായിട്ടും സഭയുടെ പൊതുനന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ആത്മാർത്ഥമായി സഹകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും സിനഡുപിതാക്കന്മാർ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിൽ വർഷങ്ങളായി തുടർന്നുപോരുന്ന ജനാഭിമുഖ കുർബാനയർപ്പണ രീതിയിൽ മാറ്റം വരുത്താനുള്ള വൈമുഖ്യം സഭയുടെ അച്ചടക്കത്തിനു നിരക്കാത്ത രീതികളിലൂടെ പലവേദികളിലും അതിരൂപതയുടെ ചില പ്രതിനിധികൾ പ്രകടമാക്കുന്നതിൽ സിനഡുപിതാക്ക ന്മാർക്കു ദുഃഖമുണ്ട്. സഭയുടെ കൂട്ടായ്മയെയും പൊതുന ന്മയെയും കരുതി അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ച മറ്റു രൂപതകളുടെ മാതൃകയാണ് അനുകരണാർഹമായിട്ടുള്ളത്. ഏ കീകൃത രീതിയിലുള്ള ബലിയർപ്പണം എന്ന സിനഡു തീരു മാനത്തിൽനിന്ന് കാനൻ 1538 പ്രകാരമുള്ള ഒഴിവ് ആവ ശ്യപ്പെട്ടുകൊണ്ട് ശ്ലൈഹിക സിംഹാസനത്തെ എറണാകുളം-അങ്കമാലി അതിരൂപതയിലെ മേജർ ആർച്ചുബിഷപ്പിന്റെ മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വത്തിലുള്ള സംഘം സമീപിച്ചിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തി ൽ നിന്നും ലഭിച്ച കത്തിന്റെ വെളിച്ചത്തിൽ, അതിരൂപതയ്ക്കു മുഴുവനുമായി മെത്രാപ്പോലീത്തൻ വികാരി കാനൻ 1538 പ്ര കാരം 2021 നവംബർ 27-ന് നല്കിയ ഒഴിവ് കാനോനികമായി നിലനിൽക്കുകയില്ലെന്നും അതിനാൽ പ്രസ്തുത നടപടി തി രുത്തണമെന്നും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തി ന്റെ പ്രീഫക്ട് കർദിനാൾ ലെയനാർദോ സാന്ദ്രി 2021 ഡിസംബർ 7-നും 2022 ജനുവരി 7-നും നൽകിയ കത്തുകളിലൂടെ ആവർ ത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സിനഡ് അംഗീകരിച്ചിട്ടുള്ള വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കു ലർ 2022 ജനുവരി 23 ഞായറാഴ്ച പുറപ്പെടുവിക്കുമെന്ന് എറ ണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി സിനഡിനെ അറിയിച്ചിട്ടുണ്ട്. ശ്ലൈഹിക സിംഹാസന ത്തിന്റെ തീരുമാനങ്ങൾ അനുസരണയോടെ സ്വീകരിച്ച് നട പ്പിലാക്കുന്നത് കത്തോലിക്കാപാരമ്പര്യത്തിന്റെ അനിവാര്യത

യാണ്. പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമമനുസരിച്ച് ആരാധനാക്രമപരമായ വിഷയങ്ങളിൽ സഭാ സിനഡിന്റെ തീരുമാനത്തിനു വിരുദ്ധമായ തീരുമാനമെടുക്കാൻ വ്യക്തികൾക്കോ രൂപതകൾക്കോ അവകാശമില്ല എന്ന യാഥാർത്ഥ്യം (CCEO 150 § 2) ഇത്തരുണത്തിൽ സ്മരണീയമാണ്. അനാവശ്യമായ നിർബന്ധ ബുദ്ധികൾ ഉപേക്ഷിച്ച് ശ്ലൈഹിക സിംഹാസനവും സഭാ സിനഡും നിർദ്ദേശിച്ചപ്രകാരം ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കാൻ എല്ലാ വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും സിനഡുപിതാക്കന്മാർ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. നമ്മുടെ സഭയുടെ നന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ഇപ്രകാരമുള്ള അനുരഞ്ജനത്തിന് എല്ലാവരും തയ്യാറാകുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ അഭിപ്രായാന്തരം തെരുവുകലാപമാക്കി മാറ്റാൻ ശ്രമിക്കുന്ന സഭാവിരുദ്ധ ശക്തികളുടെ കെണിയിൽ വീഴാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. സീറോമലബാർസഭയിലെ മെത്രാൻമാർ എവിടെ വിശുദ്ധ കുർബാന അർപ്പിച്ചാലും അത് സിനഡ് നിർദ്ദേശിച്ച ക്രമത്തിലായിരിക്കണമെന്നുള്ള തീരുമാനം കൃത്യമായി നടപ്പിലാക്കണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട വികാരിയച്ചന്മാർ ദൈവാലയങ്ങളിൽ ഒരു ക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

സഭയെന്നത് മാനുഷികമായ സംവിധാനം മാത്രമല്ലെന്നും മിശിഹായുടെ മൗതികശരീരമാണെന്നും നാം ഓർമിക്കണം. സഭാ സിനഡിന്റെ തീരുമാനങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ ഹിതം വെളിപ്പെടുന്നു എന്നതാണു നമ്മുടെ വിശ്വാസം. സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി സിനഡ് എടുത്ത തീരുമാനം ബഹുഭൂരിഭാഗം രൂപതകളിലും സ്വീകരിക്കപ്പെട്ടു എന്നത് പ്രസ്തുത തീരുമാനത്തിനു പിന്നിലെ ദൈവഹിതമാണു വെളിപ്പെടുത്തുന്നത്. ഏകീകൃത കുർബാനയർപ്പണരീതി നട

പ്പിലായാൽ ജപമാലയുൾപ്പെടെയുള്ള ഭക്താഭ്യാസങ്ങൾ നിർത്തലാക്കുമെന്നും തിരുസ്വരൂപങ്ങളും നൊവേനകളും തിരുനാളാഘോഷങ്ങളും നിരോധിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

**നിയമനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അവിടെ സഹായമെത്രാനായി ശുശ്രൂഷ ചെയ്യുന്ന മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തെരഞ്ഞെടുത്തു. മാതൃകാപരമായ രീതിയിൽ നാളിതുവരെ തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ടുപിതാവിന്റെ മഹത്തായ സേവനങ്ങളെ സിനഡ് ആദരവോടെ അനുസ്മരിക്കുന്നു. കാൽനൂറ്റാണ്ടുകാലമായി പാലക്കാട് രൂപതയെ അഭിമാനകരമായി നയിച്ചുകൊണ്ടിരുന്ന ബിഷപ് മാർ ജേക്കബ് മനത്തോടത്ത് വിരമിക്കുന്ന ഒഴിവിലേക്ക് പ്രസ്തുത രൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്യുന്ന മാർ പീറ്റർ കൊച്ചുപുരക്കലിനെ സിനഡു തെരഞ്ഞെടുത്തു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന പിതാക്കന്മാർക്കും പുതിയ ശുശ്രൂഷാപദവികളിലേക്ക് നിയുക്തരായിരിക്കുന്ന പിതാക്കന്മാർക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**അംഗീകാരം**


തലശ്ശേരി അതിരൂപതാംഗവും ബൈബിൾ പണ്ഡിതനും കേരള സഭയിൽ ബൈബിളിനെ ജനകീയമാക്കാൻ അർപ്പണ മനോഭാവത്തോടെ അധ്വാനിക്കുകയും ചെയ്ത ഫാ. മൈക്കിൾ കാരിമറ്റത്തിന് സഭയുടെ മല്പാൻ പദവി നൽകി ആദരിക്കാൻ സിനഡു തീരുമാനിച്ചു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും

വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022-ാം ആണ്ട് ജനുവരി മാസം 15-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB : ഈ സർക്കുലർ 2022 ജനുവരി 30-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സന്യാസ ഭവനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Ref: 3628 /K-5/KCBC/OL/DS 20.01.2022

## 2022 ഫെബ്രുവരി 13

# തിരുബാലസഖ്യദിനം

### കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

കഴിഞ്ഞ 179 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാ സഭ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് 1843-ൽ തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും, 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് ഭാരതസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. തിരുബാല സഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**സിനഡും കുട്ടികളും**

ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച 2023 ഒക്ടോബറിലെ മെത്രാന്മാരുടെ സിനഡിന്റെ ഒരുക്കപ്രക്രിയ വളരെ വിപുലമായ രീതിയിൽ നടക്കുന്ന ദിനങ്ങളാണിത്. "സിനഡാത്മകസഭയ്ക്കായി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം" എന്ന മുഖ്യ വിഷയത്തെ ആസ്പദമാക്കി ഓരോ പ്രാദേശികസഭയും കൂടി

യാലോചനകൾ നടത്തുന്ന ഈ അവസരത്തിൽ ഈ സിന ഡൽ പ്രക്രിയയിൽ കുട്ടികളുടെ മൂല്യവും പങ്കും തിരിച്ചറിയേ ണ്ടതും അംഗീകരിക്കേണ്ടതുമാണ്.

സിനഡാത്മകപ്രക്രിയയിൽ പങ്കുകാരാകാൻ ജ്ഞാന സ്നാനം സ്വീകരിച്ച സകലരെയും പാപ്പ ക്ഷണിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച മുഴുവൻ ദൈവജനത്തെയും ശ്രവിച്ചുകൊണ്ടുള്ള കൂടിയാലോചന നടത്തുകയെന്നതാണ് രൂപതാതലത്തിന്റെ ഉദ്ദേശ്യം. പുറന്തള്ളപ്പെടാൻ സാധ്യതയു ള്ളവരായവരെ - സ്ത്രീകൾ, ഭിന്നശേഷിക്കാർ, അഭയാർത്ഥി കൾ, കുടിയേറ്റക്കാർ, പ്രായമേറിയവർ, ദാരിദ്ര്യത്തിൽ ജീവി ക്കുന്നവർ, അപൂർവ്വമായി മാത്രമോ നാമമാത്രമായോ വിശ്വാ സജീവിതമുള്ള കത്തോലിക്കർ തുടങ്ങിയവരെ - പങ്കെടുപ്പി ക്കാൻ പ്രത്യേകശ്രദ്ധ പുലർത്തണം എന്നും കുട്ടികളെയും യുവജനങ്ങളെയും പങ്കെടുപ്പിക്കുന്നതിന് സർഗാത്മകമായ വഴി കൾ കണ്ടെത്തണം എന്നും സിനഡിന്റെ ആമുഖരേഖയിൽ പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

ഒരുമിച്ച് സഞ്ചരിക്കാനുള്ള ക്ഷണമായിട്ടാണ് സിനഡാ ത്മക പ്രക്രിയ അവതരിപ്പിക്കപ്പെടുന്നത്. പരസ്പരം ശ്രവി ക്കലും വിവേചിച്ചറിയലും പങ്കാളിത്തവുമാണ് ഇതിന്റെ മുഖ മുദ്ര. സിനഡൽ പ്രക്രിയയുടെ രീതി പരസ്പരം ശ്രവിക്കുക എന്നതാണെങ്കിൽ, അതിന്റെ ലക്ഷ്യം ദൈവികസ്വരം തിരിച്ച റിയുകയാണ്; അതിനുള്ള മാർഗ്ഗം എല്ലാവരുടെയും പങ്കാളി ത്തമാണ്. വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമു ള്ളവരെ ശ്രവിക്കുമ്പോഴാണ് നമ്മുടെ ചിന്തകൾക്കും തീരുമാ നങ്ങൾക്കും ആഴവും വിശാലതയും കൈവരുക. എല്ലാത്തര ത്തിലുമുള്ളവരുടെ പങ്കാളിത്തത്തിന്റെ പ്രാധാന്യമാണിത് സൂചിപ്പിക്കുന്നത്. ഒരുപക്ഷേ നമ്മൾ നിസ്സാരരെന്ന് കരുതുന്ന വരിലൂടെയാകും ദൈവം നമ്മോട് സംസാരിക്കുക. ഇവിടെ യാണ് കുട്ടികളുടെയും യുവാക്കളുടെയും പ്രാധാന്യം.

പരസ്പരം ഉള്ളുതുറന്ന് സംസാരിച്ചും ശ്രവിച്ചും ഒരുമിച്ച് മുന്നോട്ടുപോകുന്നതിലൂടെയാണ് ഒരു സിനഡൽ അനുഭവം നമുക്ക് ലഭിക്കുക. ഇത് നമ്മുടെ കുടുംബങ്ങളിൽ ആദ്യം നടക്കണം. കുട്ടികൾക്ക് ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും സംസാരിക്കാൻ അവസരം കൊടുക്കുകയും അവരെ എളിമയോടെ ശ്രവിക്കാൻ മുതിർന്നവർ തയ്യാറാവുകയും വേണം. മുൻവിധികളില്ലാതെ അവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കാനും നമുക്ക് കഴിയണം. അതുപോലെതന്നെ കുട്ടികളും തങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ശ്രവിക്കുവാൻ ഔദാര്യം കാണിക്കണം. കുട്ടികൾ എന്ന നിലയിൽ നല്കുന്ന പരിഗണനകളും പ്രത്യേക സ്വാതന്ത്ര്യവും ദുരുപയോഗിക്കുവാൻ പാടുള്ളതല്ല. നമ്മുടെ മാതാപിതാക്കളെയോ കുടുംബാംഗങ്ങളെയോ മുൾമുനയിൽ നിർത്തുന്ന ഒന്നും ദൈവപൈതലിന് ചേരാത്തതാണ്. ഇന്നലെകളിൽ കണ്ടുമുട്ടിയ ചിലരുടെ പ്രലോഭനങ്ങൾക്ക് വഴങ്ങി മാതാപിതാക്കളെ തള്ളിപ്പറയുന്ന അവസ്ഥ ഏറെ സങ്കടകരമാണ്. കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിന് ചെറിയ ചെറിയ ദൗത്യങ്ങൾ കുട്ടികളെ ഏല്പിച്ച് അവരെ പങ്കാളിത്തമനോഭാവത്തിൽ വളർത്തണം. അങ്ങനെ ത്യാഗപൂർണമായ മനസ്സോടെ മറ്റുള്ളവരിലേക്ക് ശുശ്രൂഷയ്ക്കായി ഇറങ്ങിച്ചെല്ലാനുള്ള പ്രേഷിതമനോഭാവം അവരിൽ വളർത്താൻ കഴിയും.

**ദൈവവിളി പ്രോത്സാഹനം**

ഈ കൊറോണക്കാലത്ത് ദൈവവിളി പ്രോത്സാഹനത്തിനുള്ള സാധാരണ മാർഗ്ഗങ്ങളായ ദൈവവിളി ക്യാമ്പുകളും ഗൃഹസന്ദർശനവും നടത്താൻ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് മാതാപിതാക്കളും മതാദ്ധ്യാപകരും സാധിക്കുന്ന രീതിയിൽ ദൈവവിളി പ്രോത്സാഹനത്തിന് മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്.

പൗരോഹിത്യത്തിലേക്കും സന്ന്യാസത്തിലേക്കുമുള്ള കുട്ടികളുടെ ആഭിമുഖ്യങ്ങളെ തിരിച്ചറിയുകയും ആവശ്യമായ പ്രോത്സാഹനം നല്കി ദൈവപദ്ധതിക്ക് കീഴ്പ്പെടുന്നതാണ് അനുഗ്രഹം. ''കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ; അവരെ തടയരുത്'' എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം. ''ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ,'' എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

**തിരുബാലസഖ്യത്തിന്റെ പ്രാധാന്യം**

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യസാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥനയ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽപോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും ഈ മഹാമാരിക്കാലത്തെ പ്രത്യേക സാഹചര്യങ്ങളും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസപൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ, നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികൾ ദൈവത്തിലേക്ക് അടുക്കാനും സഭയോ

ടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ. കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണത്തിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. ഇവരുടെ ആധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യം പ്രവർത്തിക്കുന്നു. നമ്മുടെ ഇടവകയിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായിത്തീരണമെന്നാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്ന് നിൽക്കുവാൻ പ്രേരിപ്പിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയണം. അനുദിനം ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീ

ശരത്വവും ലഹരിയും വളരുന്ന ഈ കാലഘട്ടത്തിൽ സഹവർത്തിത്ത്വത്തിന്റെ പാതയിലൂടെ ചരിക്കാനും വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും കുട്ടികളെ നമുക്ക് സഹായിക്കാം.

പ്രിയ മക്കളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞങ്ങൾ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**

ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**

വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**

വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം*

*കൊച്ചി– 682 025*

---

NB: 2022 ഫെബ്രുവരി 13–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

Ref: 3630 /K-5/KCBC/OL/DS 17.01.2022

# മുപ്പതാമത് ലോക രോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

**ഫെബ്രുവരി 11, 2022**

*''നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ''* (ലൂക്കാ 6:36).

ഉപവിയുടെ പാതയിലായിരുന്നുകൊണ്ട് സഹിക്കുന്നവരുടെ ചാരെ നില്ക്കുക.

പ്രിയ സഹോദരീസഹോദരന്മാരേ,

മുപ്പതു വർഷം മുമ്പ് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ സ്ഥാപിച്ചതാണ് ലോകരോഗീദിനം. രോഗികളായവരോടും അവരെ ശുശ്രൂഷിക്കുന്നവരോടും വർദ്ധിതമായ താത്പര്യത്തോടെ പെരുമാറുന്നതിന് ദൈവജനത്തെയും കത്തോലിക്കാ ആരോഗ്യപരിപാലന സ്ഥാപനങ്ങളെയും സാധാരണ പൗരസമൂഹത്തെയും പ്രോത്സാഹിപ്പിക്കാനായിരുന്നു അത്.

ലോകത്തെമ്പാടുമുള്ള പ്രാദേശികസഭകളിൽ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതിയെകുറിച്ച് നമ്മൾ കർത്താവിനോട് കൃതജ്ഞതാനിർഭരരാണ്. ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്; എന്നാൽ, എല്ലാ രോഗികൾക്കും, പ്രത്യേകിച്ച് വലിയ ദാരിദ്ര്യത്തിന്റെയും പാർശ്വവത്കരണത്തിന്റെയും ഇടങ്ങളിലും സാഹചര്യങ്ങളിലും വസിക്കുന്നവർക്ക്, ആവശ്യകമായ ആരോഗ്യപരിരക്ഷയും അവരുടെ രോഗാവസ്ഥയിൽ ക്രൂശിത

നും ഉത്ഥിതനുമായ ക്രിസ്തുവുമായി അനുരൂപപ്പെടാൻ സഹായകമായ അനുഭവവും നല്കുന്ന അജപാലന ശുശ്രൂഷ നല്കുന്നതിൽനിന്ന് ഇനിയും നാം ഒരുപാട് വിദൂരത്താണ്. മുപ്പതാമത് ലോകരോഗീദിനം രോഗികളോടും അവരുടെ കുടുംബാംഗങ്ങളോടും ഉള്ള അടുപ്പത്തിലും ശുശ്രൂഷയിലും വളരുന്നതിന് സഹായകമാകട്ടെ. അതിന്റെ ഉപസംഹാരച്ചടങ്ങ്, കോവിഡ്-19 മഹാമാരിമൂലം, മുമ്പ് തീരുമാനിച്ചിരുന്നതുപോലെ പെറുവിലെ ആരെകിപ്പായിൽവച്ചു നടത്താൻ സാധിക്കാതെ വന്നതിനാൽ, ഈ പ്രാവശ്യം വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കായിൽ വച്ച് ആയിരിക്കും നടക്കുന്നത്.

### 1. പിതാവിനെപ്പോലെ കരുണാമയൻ

ഈ രോഗീദിനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന, "നിങ്ങളുടെ പിതാവ് അനുകമ്പയുള്ളവനായിരി ക്കുന്നതുപോലെ നിങ്ങളും അനുകമ്പയുള്ളവരായിരിക്കുവിൻ" (ലൂക്കാ 6:36) എന്ന പ്രമേയം "കരുണാസമ്പന്നനായ" (എഫേ 2:4) ദൈവത്തിലേക്കു നമ്മുടെ ദൃഷ്ടികൾ തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു; തന്റെ മക്കൾ തന്നിൽനിന്നു പിന്തിരിഞ്ഞുപോകുമ്പോഴും ഒരു പിതാവിന്റെ സ്നേഹത്തോടെ അവിടന്ന് അവരെ കാത്തുപാലിക്കുന്നു. ദൈവത്തിന്റെ ഏറ്റവും ഉചിതമായ പേര് കരുണ എന്നാണ്; ഈ കരുണയെന്നത് ചിലപ്പോൾ ഉണ്ടാകുന്ന വികാരപരമായ ഒരു സഹാനുഭാവം എന്ന നിലയിലല്ല മനസ്സിലാക്കേണ്ടത്. പ്രത്യുത, ദൈവത്തിന്റെ സ്വഭാവത്തോടുതന്നെ ചേർന്നിരിക്കുന്ന, സദാ സന്നിഹിതമായിരിക്കുന്ന, ഒരു സജീവ ഭാവമായിട്ടാണ്. അത് ശക്തിയും ആർദ്രതയും ഉൾച്ചേർക്കുന്നു. അക്കാരണത്താൽ, പിതൃഭാവവും മാതൃഭാവവും (ഏശ 49:15 കാണുക) ഒരുപോലെ ഉൾക്കൊള്ളുന്ന ഒന്നാണ് ദൈവത്തിന്റെ കരുണയെന്ന് അതിശയത്തോടും കൃതജ്ഞതയോടുംകൂടി നമുക്ക് പറയാനാകും. ഒരു പിതാവിന്റേതായ ശക്തിയോടെയും മാതാവിന്റേതായ ആർദ്രതയോടെയും ദൈവം നമ്മോടു

കരുണാപൂർവം പെരുമാറുന്നു; പരിശുദ്ധാത്മാവിൽ നമുക്കു നിരന്തരം പുതുജീവൻ നല്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**2. യേശു, പിതാവിന്റെ കരുണാഭാവം**

രോഗികളോടുള്ള പിതാവിന്റെ കരുണാർദ്രസ്നേഹത്തിന്റെ ഉത്തമസാക്ഷി പിതാവിൽനിന്നു ജാതനായ ഏകപുത്രനാണ്. വ്യത്യസ്ത രോഗങ്ങളാൽ വലഞ്ഞ ജനങ്ങളെ എത്രയോ പ്രാവശ്യം യേശു കണ്ടുമുട്ടിയതായാണ് സുവിശേഷങ്ങൾ വിവരിക്കുന്നത്! "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലിമുഴുവൻ ചുറ്റിസഞ്ചരിച്ചു" (മത്താ 4:23). യേശു രോഗികളോട് അത്രമാത്രം താത്പര്യം കാണിക്കാൻ കാരണമെന്തെന്നു നാം ചോദിക്കേണ്ടതാണ്. സുവിശേഷം പ്രസംഗിക്കാനായി തന്റെ അപ്പസ്തോലന്മാരെ അയച്ചുകൊണ്ട് രോഗികളെ സുഖപ്പെടുത്തുന്നത് (ലൂക്കാ 9:2 കാണുക) അവരുടെ ദൗത്യത്തിന്റെ അടിസ്ഥാനഭാഗമായി യേശു കരുതിയത് എന്തുകൊണ്ടാണ്?

ഇരുപതാം നൂറ്റാണ്ടിലെ ഒരു തത്ത്വചിന്തകൻ ഇതിന് ഇപ്രകാരമൊരു ഉത്തരം നല്കുന്നു: "വേദന ഒരാളെ പൂർണമായും ഒറ്റപ്പെടുത്തുന്നു. പരമമായ ആ ഒറ്റപ്പെടൽ അപരനിലേക്കു സഹായമഭ്യർത്ഥിക്കാൻ, അപരനെ വിളിക്കാൻ കാരണമാകുന്നു." വ്യക്തികൾ രോഗംമൂലം തങ്ങളുടെ ശരീരത്തിൽ ബലഹീനതയും വേദനയും അനുഭവിക്കുമ്പോൾ അവരുടെ ഹൃദയം ഭാരമുള്ളതാകുന്നു, ഭയം വർദ്ധിക്കുന്നു, അനിശ്ചിതത്വങ്ങൾ പെരുകുന്നു, അവരുടെ ജീവിതങ്ങളിൽ സംഭവിക്കുന്നവയുടെ അർഥംതേടൽ അടിയന്തിരപ്രാധാന്യം അർഹിക്കുന്നതായി മാറുന്നു. മഹാമാരിയുടെ ഇക്കാലത്ത്,

തങ്ങളുടെ ഈ ലോകജീവിതത്തിന്റെ അവസാനഭാഗം തങ്ങളുടെ പ്രിയപ്പെട്ടവരുടെയും തങ്ങളുടെ ജീവിതത്തിലെ പ്രധാനപ്പെട്ടവരുടെയും പക്കൽനിന്നകന്ന് ഏകാന്തതയിൽ കഴിച്ചുകൂട്ടിയവരെ – അവർ തീവ്രപരിചരണവിഭാഗത്ത് വിശാല മനസ്കരായ ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ യാണു ചെലവിട്ടതെങ്കിലും – നമുക്ക് എങ്ങനെ മറക്കാനാകും? പിതാവിന്റെ കരുണാഭാവമായിരുന്ന യേശുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട്, രോഗികളുടെ മുറിവുകളിൽ സാന്ത്വന ത്തിന്റെ ലേപനം പുരട്ടുകയും പ്രത്യാശയുടെ വീഞ്ഞ് ഒഴിക്കു കയും ചെയ്യുന്ന ദൈവസ്നേഹസാക്ഷികളുടെ സാന്നിധ്യം എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്നു കാണാൻ ഇതു നമ്മെ സഹായിക്കുന്നു.

### 3. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കൽ

പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവിൻ എന്ന യേശുവിന്റെ ആഹ്വാനം ആരോഗ്യ പ്രവർത്തകർക്ക് ഏറെ പ്രധാനപ്പെട്ടതാണ്. രോഗവിവശരെ പരിചരിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ലബോറട്ടറി ടെക്നീഷ്യന്മാർ, സഹായികളായ സ്റ്റാഫ് അംഗങ്ങൾ, രോഗികളുടെ കൂട്ടിരി പ്പുകാർ, തങ്ങളുടെ വിലപ്പെട്ട സമയം രോഗികൾക്കായി ചെല വഴിക്കാൻ തയ്യാറാകുന്ന സന്നദ്ധസേവകർ എന്നിവരെയെല്ലാം ഞാൻ ഓർക്കുന്നു. പ്രിയ ആരോഗ്യപ്രവർത്തകരേ, സ്നേഹവും കഴിവുംകൊണ്ടും രോഗികളുടെ ചാരേ നിങ്ങൾ നടത്തുന്ന ശുശ്രൂഷ നിങ്ങളുടെ തൊഴിലിന്റെ പരിധിക്കുപരി ഒരു പ്രേഷിതദൗത്യമായി മാറുകയാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ സഹിക്കുന്ന ശരീരത്തെ സ്പർശിക്കുന്ന നിങ്ങളുടെ കരങ്ങൾ കരുണാമയനായ പിതാവിന്റെ കരുണാമയമായ കരങ്ങളുടെ അടയാളമായിരിക്കും. ആകയാൽ നിങ്ങളുടെ തൊഴിലിന്റെ വലിയ മാഹാത്മ്യവും അതു പേറുന്ന ഉത്തരവാദിത്വവും നിങ്ങൾ മനസ്സിലാക്കുവിൻ.

വൈദ്യശാസ്ത്ര രംഗത്ത് ഉണ്ടായിട്ടുള്ള, പ്രത്യേകിച്ച് ഈ അടുത്ത കാലത്തുണ്ടായ, പുരോഗതിയെ ഓർത്ത് നമുക്കു കർത്താവിനു കൃതജ്ഞതയർപ്പിക്കാം; രോഗികൾക്ക് ഏറെ സഹായകമായ ചികത്സകൾ തയ്യാറാക്കുന്നതിൽ പുതിയ സാങ്കേതിക വിദ്യകൾ നമ്മെ സഹായിച്ചിട്ടുണ്ട്. പഴയതും പുതിയതുമായ രോഗങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു ഗവേഷണങ്ങൾ വിലപ്പെട്ട സംഭാവനകളാണ് നല്കിക്കൊണ്ടിരിക്കുന്നത്; പുനർശക്തീകരണമരുന്നുകൾ പ്രാഗത്ഭ്യവും കഴിവും തെളിയിച്ചുകഴിഞ്ഞു. അതേസമയം, ഇവയൊന്നും ഓരോ രോഗിയുടെയും വ്യതിരിക്തതയും അവന്റെയും അവളുടെയും മാഹാത്മ്യവും ബലഹീനതകളും വിസ്മരിക്കാൻ നമുക്ക് ഇടവരുത്തരുത്. രോഗത്തെക്കാൾ പ്രധാനം രോഗികളാണ്; അക്കാരണത്താൽ രോഗിയെ കേൾക്കുന്നതിൽ നിന്ന്, പ്രത്യേകിച്ച് അവന്റെയും അവളുടെയും ചരിത്രവും ഉൽക്കണ്ഠങ്ങളും ഭയങ്ങളും ശ്രവിക്കുന്നതിൽനിന്ന്, ഒരു ചികത്സാസമീപനവും പിന്നാക്കം പോകാൻ പാടില്ല. സുഖപ്പെടുത്തൽ അസാധ്യമായിരുന്നാൽപ്പോലും, ശുശ്രൂഷയുടെയും സാന്ത്വനത്തിന്റെയും സാമീപ്യത്തിന്റെയും അനുഭവം പകരാൻ എപ്പോഴും സാധ്യമാണ്. രോഗത്തെക്കാൾ തന്നെ പരിഗണിക്കുന്നു എന്ന അനുഭവമായിരിക്കണം രോഗിക്കു ലഭിക്കേണ്ടത്. അതിനാൽ ആരോഗ്യപ്രവർത്തകർക്കു നല്കുന്ന പരിശീലനം മറ്റുള്ളവരെ ശ്രവിക്കുന്നതിനും മറ്റുള്ളവരോടു ബന്ധപ്പെടുന്നതിനും അവരെ കൂടുതൽ പ്രാപ്തരാക്കുന്നതായിരിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

## 4. ശുശ്രൂഷാകേന്ദ്രങ്ങൾ "കരുണയുടെ ഭവനങ്ങൾ" ആകുമ്പോൾ

ശുശ്രൂഷാ കേന്ദ്രങ്ങളിലേക്കു നമ്മുടെ ശ്രദ്ധ തിരിക്കാൻ ഉതകുന്ന ഒരു നല്ല അവസരംകൂടിയാണ് ലോകരോഗീദിനം.

രോഗികളോട് കരുണ പ്രദർശിപ്പിക്കുന്നതിന്റെ ഭാഗമായി അസംഖ്യം "നല്ല സമറിയാക്കാരന്റെ സത്രങ്ങൾ" തുറക്കാൻ ക്രൈസ്തവസമൂഹം നൂറ്റാണ്ടുകളായി പ്രേരിതമായിട്ടുണ്ട്. അവിടെയാണ് പലതരം രോഗങ്ങളാൽ വലയുന്നവർക്ക് സ്നേഹവും പരിചരണവും നല്കാൻ കഴിയുന്നത്, ഏറെ പ്രത്യേകിച്ച് ദാരിദ്രത്താലും സാമൂഹ്യബഹിഷ്കരണത്താലും ചില രോഗങ്ങളോടു ചേർന്നുള്ള ബുദ്ധിമുട്ടുകളാലും വലഞ്ഞതുമൂലം തങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു പ്രതിവിധി കണ്ടെത്താൻ കഴിയാത്തവർക്ക്. ഇത്തരത്തിലുള്ള സാഹചര്യങ്ങളിൽ കുട്ടികളും വൃദ്ധരും ദുർബലരുമാണ് പലപ്പോഴും അതിന്റെ വിലകൊടുക്കുന്നവർ. പിതാവിനെപ്പോലെ അനുകമ്പാർദ്രരായിരുന്നുകൊണ്ട് അസംഖ്യം മിഷനറിമാർ തങ്ങളുടെ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായി ആശുപത്രികളും ചികിത്സാലയങ്ങളും ശുശ്രൂഷാകേന്ദ്രങ്ങളും നിർമിച്ചിട്ടുണ്ട്. ക്രൈസ്തവ ഉപവി പ്രകാശിതമായിത്തീർന്ന ഏറെ അമൂല്യമായ ഉപാധികളാണിവ. ക്രിസ്തുശിഷ്യർ സാക്ഷ്യപ്പെടുത്തിയ ക്രിസ്തുസ്നേഹം കൂടുതൽ വിശ്വസനീയമായത് അവ വഴിയാണ്. നമ്മുടെ ഈ ഭൂമിയുടെ ഏറ്റവും ദരിദ്രമായ ഭാഗങ്ങളിൽ വസിക്കുന്നവരെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്; പരിമിതമായ സൗകര്യങ്ങൾ മാത്രം നല്കാൻ സാധിക്കുന്ന ചികിത്സാകേന്ദ്രങ്ങൾ അന്വേഷിച്ച് അവർക്ക് ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ആകയാൽ, നമുക്ക് ഇനിയും ഒരുപാട് ദൂരം യാത്ര ചെയ്യാനുണ്ട്! ചില രാജ്യങ്ങളിൽ ശരിയായ രോഗീപരിചരണം അപ്രാപ്യമായ ഒരു ആഡംബരമാണ്. ദരിദ്രരാഷ്ട്രങ്ങളിൽ കോവിഡ്-19ന് എതിരേയുള്ള കുത്തിവയ്പുസാധ്യതയുടെ ദൗർലഭ്യം ഇതിന് ഒരുദാഹരണമാണ്. എന്നാൽ അതിലുപരി, ലളിതമായ മരുന്നുകൾകൊണ്ട് ചികിത്സിക്കാവുന്ന രോഗങ്ങൾക്കുപോലും അവിടെ പ്രതിവിധിയില്ല!

ഈ പശ്ചാത്തലത്തിൽ, കത്തോലിക്കാ ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ പ്രാധാന്യം ഞാൻ ആവർ

ത്തിച്ചുറപ്പിക്കാൻ ആഗ്രഹിക്കുന്നു. അവ സംരക്ഷിക്കപ്പെടേണ്ടതും സൂക്ഷിക്കേണ്ടതുമായ വിലപ്പെട്ട നിധികളാണ്. അവയുടെ സാന്നിധ്യം സഭയുടെ ചരിത്രം വിശിഷ്ടമാക്കിയിട്ടുണ്ട്. അവ വഴിയാണ് രോഗികളോടും ദരിദ്രരോടും മറ്റുള്ളവർ അവഗണിച്ച സാഹചര്യങ്ങളോടും സഭ തന്റെ സാമീപ്യം അറിയിച്ചിട്ടുള്ളത്. അല്പം മാത്രം ശുശ്രൂഷിക്കപ്പെടുകയും അല്ലെങ്കിൽ ഒട്ടും ശുശ്രൂഷ ലഭിക്കുകയും ചെയ്തിട്ടില്ലാത്ത സഹോദരീസഹോദരന്മാരുടെ നിലവിളി കേൾക്കുകയും അവർക്കായി തങ്ങളുടെ പരമാവധി ശുശ്രൂഷ നല്കുകയും ചെയ്തിട്ടുള്ള എത്രയെത്ര സന്യാസകുടുംബങ്ങളുടെ സ്ഥാപകരാണ് സഭയിൽ ഉണ്ടായിട്ടുള്ളത്? ഇന്ന് ഏറെ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിൽപോലും ഇപ്രകാരമുള്ള സമൂഹങ്ങളുടെ സാന്നിധ്യം ഒരു അനുഗ്രഹമാണ്. കാരണം, ശരീരത്തെ ആവശ്യകമായ പ്രാഗത്ഭ്യത്തോടെ പരിചരിക്കുന്നതോടൊപ്പം അവർ ഉപവിയുടേതായ സമ്മാനവും നല്കുന്നു. അതായത്, അവർ രോഗികളായ വ്യക്തികളെത്തന്നെയും അവരുടെ കുടുംബങ്ങളെയും ഉന്നംവച്ചു പ്രവർത്തിക്കുന്നു. "പ്രയോജനരഹിതത്വത്തിന്റെ സംസ്കാരം" (culture of waste) വ്യാപകമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, അതായത് ജീവൻ എപ്പോഴും സ്വാഗതം ചെയ്യപ്പെടേണ്ടതും ജീവിക്കേണ്ടതും ആണെന്ന് അംഗീകരിക്കാത്ത സാഹചര്യത്തിൽ, "ദയാഭവനങ്ങൾ" പോലുള്ള സംവിധാനങ്ങൾ ജീവനെ സംരക്ഷിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും – അതും ഏറ്റവും ബലഹീനമായ ജീവിതം അതിന്റെ ആരംഭംമുതൽ സാധാരണയായുള്ള അവസാനംവരെ – മാതൃകാപരമായവയാണ്.

**5. അജപാലന കരുണ: സാന്നിധ്യവും സാമീപ്യവും**

ഇക്കഴിഞ്ഞ മുപ്പതുവർഷമായി, അജപാലനപരമായ ആരോഗ്യപരിചരണം അനിവാര്യമായ ഒരു ശുശ്രൂഷയായി

പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദരിദ്രർ - ആരോഗ്യത്തിൽ ദരിദ്രരായ രോഗികളുൾപ്പെടെയുള്ളവർ - അനുഭവിക്കുന്ന ഏറ്റവും കടുത്ത വിവേചനം ആധ്യാത്മികമായി അവരോടുള്ള ശ്രദ്ധക്കുറവാണ്. അതിനാൽ ദൈവത്തിന്റെ സാമീപ്യം, അതായത് അവിടത്തെ അനുഗ്രഹവും അവിടത്തെ വചനവും കൂദാശകളുടെ ആചരണവും വിശ്വാസത്തിൽ വളരാനും പാകപ്പെടാനുമുള്ള അവസരമൊരുക്കലും, അവർക്കു നിഷേധിക്കാൻ നമുക്ക് ഇടയാവാതെനോക്കണം. ഇക്കാര്യത്തിൽ ഒരു വസ്തുത ഞാൻ എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു: കൃത്യമായി നിർണയിച്ചിട്ടുള്ള ശുശ്രൂഷകരുടെ മാത്രം ചുമതലയല്ല രോഗികളോടുള്ള സാമീപ്യവും അവരുടെ അജപാലന ശുശ്രൂഷയും; രോഗികളെ സന്ദർശിക്കാനുള്ള ക്രിസ്തുവിന്റെ ആഹ്വാനം തന്റെ എല്ലാ ശിഷ്യരോടും ഉള്ളതാണ്. കേവലം ഒരു സന്ദർശനം പ്രതീക്ഷിച്ച് എത്രയെത്ര രോഗികളും മുതിർന്നവരും ആണ് തങ്ങളുടെ ഭവനങ്ങളിൽ ആയിരിക്കുന്നത്? "ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ 25:36) എന്ന യേശുവചനം അനുസ്മരിച്ചാൽ ആശ്വാസദായകത്വത്തിന്റെ ശുശ്രൂഷ ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയുടെയും കടമയാണെന്നു വ്യക്തമാകും.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളെയും അവരുടെ കുടുംബങ്ങളെയും "രോഗികളുടെ ആരോഗ്യമായ" മറിയത്തിന്റെ മാധ്യസ്ഥ്യത്തിനായി ഞാൻ സമർപ്പിക്കുന്നു. ലോകത്തിന്റെ വേദന വഹിക്കുന്ന ക്രിസ്തുവിനോടു ചേർന്നുകൊണ്ട് അവർ അർഥവും ആശ്വാസവും അഭയവും കണ്ടെത്തട്ടെ. എല്ലായിടങ്ങളിലുമുള്ള ആരോഗ്യപ്രവർത്തകർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു; കരുണയിൽ സമ്പന്നരായിരുന്നുകൊണ്ട് രോഗികളോട് ഉത്തമമായ പരിചരണവും അതോടൊപ്പം സാഹോദരതുല്യമായ സാമീപ്യവും നല്കാൻ അവർക്ക് ഇടവരട്ടെ.

എല്ലാവർക്കും ഞാൻ ഹാർദമായി എന്റെ അപ്പസ്തോലിക ആശീർവാദം നല്കുന്നു.

**ഫ്രാൻസിസ് പാപ്പാ**

റോം, വിശുദ്ധ ജോൺ ലാറ്ററൻ ദേവാലയം

10 ഡിസംബർ 2021

ലൊറേറ്റോയിലെ മാതാവിന്റെ സ്മരണാദിനം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

Ref: 3627 /K-5/KCBC/OL/DS 19.01.2022

# കേരള സഭാനവീകരണം 2022-2025

## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ആഗോള കത്തോലിക്കാസഭയിൽ 2021 ആഗസ്റ്റ് മുതൽ 2023 ഒക്ടോബർ വരെയുള്ള കാലഘട്ടം സിനഡാത്മകതയ്ക്കു വേണ്ടിയുള്ള സിനഡിന്റെ ഒരുക്കത്തിന്റെ നാളുകളാണല്ലോ. 2023 ഒക്ടോബറിൽ വത്തിക്കാനിൽ നടക്കുന്ന ആഗോള സിനഡ് തീർത്ഥാടകസഭയിൽ കൂട്ടായ്മയുടെയും സമവായത്തിന്റെയും പുതിയനാളുകൾ സമ്മാനിക്കുമെന്ന് പ്രത്യാശിക്കാം. അതിനായി നമുക്ക് ഏകമനസ്സോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

2021 ഡിസംബറിൽ നടന്ന കേരള കത്തോലിക്കാ മെത്രാന്മാരുടെ സമ്മേളനം ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കേരളസഭയിലാകമാനം സ്ഥായിയായ ഒരു നവീകരണം ആവശ്യമുണ്ട് എന്ന ബോധ്യത്തിലെത്തിച്ചേർന്നു. കോവിഡു കാലം മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സൃഷ്ടിച്ച മരവിപ്പും, കൂടാതെ ഇക്കാലത്ത് സഭ നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്ത് മുന്നേറാൻ ആന്തരിക നവീകരണത്തിന്റെയും ശാക്തീകരണത്തിന്റെയും പുതിയ പാതകൾ സഭയിൽ രൂപപ്പെടണമെന്ന് കൗൺസിൽ നിർദേശിക്കുകയും അതിനായി ഒരു കമ്മിറ്റിക്ക് രൂപം നല്കുകയും ചെയ്തു. കെസിബിസിയുടെ കരിസ്മാറ്റിക്, ഡോക്ട്രൈനൽ, ബൈബിൾ, ഫാമിലി, അല്മായ കമ്മീഷനുകളുടെ നേതൃത്വത്തിലാണ് നവീകരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. 2022 ജൂൺ 5 പെന്തക്കുസ്താ തിരുനാൾ മുതൽ 2025 ജൂൺ 8 പെന്തക്കുസ്താ തിരുനാൾ വരെയായിരിക്കും കേരളസഭയിൽ നവീകരണ കാലഘട്ടമായി ആചരിക്കുന്നത്.

**സഭ: ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം**

കേരളസഭാനവീകരണത്തിന് കെസിബിസി സ്വീകരിച്ചിരിക്കുന്ന ആപ്തവാക്യം "സഭ: ക്രിസ്തുവിൽ പണിയപ്പെട്ടു കൊണ്ടിരിക്കുന്ന ഭവനം" എന്നാണ്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ എഫേസോസുകാർക്കെഴുതിയ ലേഖനം 2:20-22 ൽ പറയുന്ന കാര്യങ്ങളാണ് ഈ ആപ്തവാക്യത്തിന് ആധാരം. അപ്പസ്തോലൻ ഇപ്രകാരം എഴുതുന്നു:

"അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടിരിക്കുന്നു; കർത്താവിൽ പരിശുദ്ധ ആലയമായി അതു വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു."

ദൈവത്തിന്റെ ഭവനവും ക്രിസ്തുവിന്റെ ശരീരവും യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ഒന്നു ചേർക്കപ്പെട്ടവരുടെ സമൂഹമായ സഭ ക്രിസ്തുവിന്റെ മൗതിക ശരീരവും ദൈവത്തിന്റെ ഭവനവുമായി പരി. ആത്മാവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്രചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാല ത്തെയും വെല്ലുവിളിയും ദൗത്യവുമാണ്.

**എന്റെ സഭ, എന്റെ ഭവനം**

സഭാംഗങ്ങൾ വ്യത്യസ്ത വ്യക്തികളാണെങ്കിലും (റോമാ 12:5) എല്ലാവരും അനാദിയിലേ ക്രിസ്തുവിൽ തെര

ഞ്ഞെടുക്കപ്പെട്ടവരും (എഫേ 1:4) അവിടത്തെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്നവരും പരിശുദ്ധാത്മാവിനെ അവകാശമായി ലഭിക്കുന്നവരും (1 കോറി 12:13) യേശുവിന്റെ രണ്ടാമത്തെ വരവിന് സാക്ഷ്യംവഹിക്കുന്നവരുമാണെന്ന് പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നു. ശരീരത്തിൽ പല അവയവങ്ങളുണ്ടെങ്കിലും അവയെല്ലാം ചേർന്ന് ക്രിസ്തുവിൽ ഏക ശരീരമായിത്തീരുന്നു (1 കോറി 12:12-26) എന്നതുകൊണ്ട് സഭാംഗങ്ങളെല്ലാവരും വിളി സ്വീകരിച്ചവരും വിളിക്കനുസൃതമായ ദൗത്യം നിർവഹിക്കാൻ കടപ്പെട്ടവരുമാണ്.

ഇപ്രകാരം "യേശുക്രിസ്തുവിന്റെ സ്വന്തമാകാൻ വിളിക്കപ്പെട്ടവരായ" (റോമ 1, 6) നാമെല്ലാവരും സഭയുടെ ഭാഗമാണ്, സ്വന്തമാണ് എന്ന ബോധ്യമുണ്ടാകണം. "എന്റെ സഭ, എന്റെ ഭവനം" എന്ന വികാരം സഭാംഗങ്ങൾക്കെല്ലാവർക്കും ഉണ്ടാകണം. ഓരോ വ്യക്തിയുടെയും വ്യക്തി സ്വാതന്ത്ര്യം പ്രധാനപ്പെട്ടതാണ്, അത് വിലമതിക്കപ്പെടണം. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച് സഭയുടെ സന്താനമായി മാറിയ വ്യക്തിയുടെ സ്വാതന്ത്ര്യം എന്നതാകണം ക്രിസ്തു വിശ്വാസിയുടെ വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്. അമ്മയായ സഭയോടുള്ള സ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണ്. സഭ എന്റെ അമ്മ അഥവാ എന്റെ കുടുംബം എന്ന നിലയിൽ എത്രമാത്രം സ്നേഹിക്കപ്പെടുന്നുവെന്ന് ഓരോരുത്തരും വിലയിരുത്തണം. എന്റെ സഭയെ സംരക്ഷിക്കാൻ എനിക്കും കടമയുണ്ട് എന്ന അവബോധത്തിൽ ക്രിസ്തുവിശ്വാസികൾ വളരുന്നിടത്താണ് പൊതു സമൂഹത്തിൽ സഭ ക്രിസ്തുവിന്റെ മുഖവും ഗാത്രവുമായി അവതരിക്കപ്പെടുന്നത്.

**നവീകരണമേഖലകളും പ്രക്രിയകളും**

യഥാർത്ഥവും സുദൃഢവുമായ മാനസാന്തരമാണ് സമഗ്രനവീകരണത്തിന് അടിസ്ഥാനമായിട്ടുള്ളത്. സഭാ

ശുശ്രൂഷകളുടെ സമസ്ത മേഖലകളിലും ഈ മാനസാന്തരം സംഭവിക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സഭയുടെ മിഷനറി സ്വഭാവത്തെ ഏറ്റെടുക്കുക എന്നതാണ്. ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നതുപോലെ, 'സഭയെ സംബന്ധിച്ച ഒരു ഐച്ഛിക വിഷയമല്ല പ്രേഷിതപ്രവർത്തനം, കാരണം സഭ പ്രേഷിതയാണ്.' സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം.

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാണ്. അതുകൊണ്ട് സഭയെ സ്ഥാപനവത്കരിക്കുന്ന പ്രവണതകൾ പ്രോത്സാഹിപ്പിക്കപ്പെടരുത്. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ച്ചപ്പാടുകൾ മാറണം. യേശുക്രിസ്തുവിൽ കേന്ദ്രീകൃത മായതും എപ്പോഴും സജീവവുമായ സുവിശേഷചൈതന്യം സഭയുടെ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങളിലും നിറഞ്ഞു നില്ക്കണം

വിശ്വാസ പരിശീലനം സഭയുടെ സുപ്രധാന ദൗത്യ ങ്ങളിൽ ഒന്നാണ്. കാലോചിതവും ക്രിസ്തു സാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും ലഭിക്കത്തക്കവിധം മതബോധന സംവി ധാനങ്ങൾ പരിഷ്കരിക്കേണ്ടതുണ്ട്. ജ്ഞാനസ്നാനത്തിന്റെ ഫലങ്ങളെ മുറുകെപ്പിടിച്ച് യേശുവിനെ രക്ഷകനും നാഥനു മായി ഏറ്റുപറഞ്ഞ് ജീവിക്കാനും ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഊന്നിയ പ്രേഷിതചൈതന്യത്തിൽ വളർന്നുവരാനും സഹായിക്കുന്ന വിധമാകണം വിശ്വാസ പരിശീലനം. വൈദിക-സന്ന്യസ്ത-അല്മായ-യുവജന പരിശീ ലന മേഖലകളും അപ്രകാരം തന്നെയാകണം.

കോവിഡു കാലം സൃഷ്ടിച്ച മുറിവുകളാൽ തളർന്നു പോയ ധാരാളം കുടുംബങ്ങളുണ്ട് 'ഹോം മിഷൻ' ഉൾപ്പെടെ

യുള്ള സഭയുടെ കുടുംബ പ്രേഷിത ശുശ്രൂഷകൾ സജീവമാകണം. അജപാലനപരമായ 'സന്ദർശന'ത്തിനപ്പുറത്ത് ആത്മീയ 'സ്ഥിരം സാന്നിധ്യ'ത്തിലേക്ക് ഉയരാൻ ശുശ്രൂഷാനേതൃത്വത്തിനു കഴിയണം.

ദിവ്യബലിയിലുള്ള പങ്കാളിത്തമാണ് ക്രൈസ്തവ സമൂഹത്തിന്റെ കേന്ദ്രം. ദൈവവചനപ്രഘോഷണം കൂദാശകളുടെ പരികർമ്മം, പ്രാർത്ഥനകൾ, ധ്യാനങ്ങൾ, എന്നിവയിലെല്ലാം സഭാംഗങ്ങളെ മുഴുവൻ പങ്കാളികളാക്കുന്നതിന് അവസരങ്ങളൊരുക്കണം. ക്രിസ്തീയ ആനന്ദത്തോടും പ്രത്യാശയോടും കൂടെ ജീവിക്കാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും ആദ്ധ്യാത്മിക മേഖലയിൽ ഉണർവുണ്ടാകുക എന്നത് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്.

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. 'ദരിദ്രന്റെ വിലാപം സഭയുടെ പ്രത്യാശയുടെ വിലാപമാണ്' എന്ന് ഫ്രാൻസിസ് പാപ്പാ സഭാമക്കളെ ഓർമ്മിപ്പിക്കുന്നു. 'ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നൽകുന്നു' (1കോറി 5:14) എന്ന പൗലോസിന്റെ മനോഭാവമാണ് സാമൂഹ്യ ശുശ്രൂഷകളിലും പരിസ്ഥിതി സംരക്ഷണത്തിലും എന്നും സഭ പുലർത്തിപോന്നിട്ടുള്ളത്.

കേരള സഭാനവീകരണത്തിന്റെ ഭാഗമായി നടക്കുന്ന ഒരുക്ക പരിപാടികൾക്ക് സംസ്ഥാനതലത്തിലും രൂപതാതലത്തിലും ഇടവക തലത്തിലുമൊക്കെ ടീമുകളെ രൂപപ്പെടുത്തേണ്ടതുണ്ട്. ഓരോ രൂപതയിലെയും പ്രത്യേകസാഹചര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടാണ് നവീകരണ പ്രക്രിയകൾ നടക്കേണ്ടത്.

ആഗോള സിനഡ് ലക്ഷ്യംവയ്ക്കുന്നതുപോലെ, കേരളസഭയിലും സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്രാപിക്കണം. എല്ലാ സംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സഹഗമനത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കണം. ഓരോരുത്തരുടെയും വിളിക്കനുസൃതമായ ശുശ്രൂഷയുടെ അരൂപിയിൽ സഭാംഗങ്ങളുടെ കൂട്ടായഉത്തരവാദിത്തം വളർത്തപ്പെടണം. ഇതര മതങ്ങളോടും ഇതര സമുദായങ്ങളോടും സഭ എന്നും പുലർത്തിപോന്നിട്ടുള്ള സാഹോദര്യത്തിന്റെയും സംവാദത്തിന്റെയും ശൈലികൾ കൂടുതൽ പരിപോഷിപ്പിക്കപ്പെടണം. അങ്ങനെ കേരളസഭയിൽ ആരംഭിക്കുന്ന ഈ നവീകരണ കാലഘട്ടം കൂടുതൽ ഊർജസ്വലതയോടെ ക്രിസ്തുവിന് സാക്ഷ്യം നൽകാൻ നമ്മെ ശക്തരാക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി – 682 025

# ADCP Members

## Elected

### Above 60

1. Rev. Fr. Kizhakkearanjaniyil Mathew
2. Rev. Fr. Kunnumpuram Berchmans
3. Rev. Fr. Narithookil Kuriakose

### Between 50 - 60

4. Rev. Fr. Kaduppil Joseph
5. Rev. Fr. Kannamthanam John
6. Rev. Fr. Kulamakal Abraham

### Between 40-50

7. Rev. Fr. Alencheril Joseph
8. Rev. Fr. Karikulam Joseph
9. Rev. Fr. Panackakuzhiyil Thomas

### Below 40

10. Rev. Fr. Parekkattu Emmanuel
11. Rev. Fr. Thannickapara Jacob
12. Rev. Fr. Varakukalaparampil George

## Nominated

13. Rev. Fr. Thadathil Joseph (Sr.)
14. Rev. Fr. Vellachalil Kuriakose

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
## പാലാ രൂപത
## ഹിന്ദി അധ്യാപക ഒഴിവ്

പാലാ രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള യു.പി. / ഹൈസ്കൂൾ / ഹയർ സെക്കണ്ടറി വിഭാഗത്തിൽ വരുന്ന ഹിന്ദി അധ്യാപകരുടെ താത്ക്കാലിക ഒഴിവുകളിലേക്ക് നിയമനം ലഭിക്കാൻ യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ വെള്ളക്കടലാസിൽ അപേക്ഷയും അവയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ യോഗ്യത സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും (കെ-ടെറ്റ് 3, 4, സെറ്റ് / തത്തുല്യ യോഗ്യത സർട്ടിഫിക്കറ്റുകൾ സഹിതം) ബഹുമാനപ്പെട്ട വികാരിയച്ചന്റെ ശുപാർശകത്തും ഉൾപ്പെടെ **22-02-2022, ചൊവ്വാഴ്ച 4 pm** നു മുമ്പായി കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.

**കോർപ്പറേറ്റ് മാനേജർ**

*NB : ബഹുമാനപ്പെട്ട വികാരിമാർ ഇടവക ജനങ്ങളെ ഈ വിവരം അറിയിക്കുമല്ലോ.*

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish |
|---|---|---|---|
| 1 | സിമി കെ.എം., പ്രവിത്താനം | 12500 | |
| 2 | കുഞ്ഞുമോൻ, ചേർപ്പുങ്കൽ | | 870000 |
| 3 | സുഭദ്ര, മണ്ണയ്ക്കനാട് | 30000 | 398000 |
| 4 | സിബിൻ ബേബി, മണ്ണയ്ക്കനാട് | 50000 | 1068500 |
| 5 | ഷാജി, മണ്ണയ്ക്കനാട് | 50000 | 512000 |
| 6 | ജോണി, വെള്ളിയാമറ്റം | 50000 | |
| 7 | ത്രേസ്യാമ്മ ജോൺ, വെള്ളിയാമറ്റം | 50000 | |
| 8 | ആലീസ് ഷിബു, വെള്ളിയാമറ്റം | 50000 | |
| 9 | സി.ഡി. ജോസ്, നരിയങ്ങാനം | 50000 | |
| 10 | അനു രാജേഷ്, രാമപുരം | 50000 | |
| 11 | ജിൻഷ ബെന്നി, സേവ്യർപുരം | 50000 | |
| 12 | ചിന്നമ്മ, മണ്ണയ്ക്കനാട് | | 148000 |
| 13 | ടോമി, മണ്ണയ്ക്കനാട് | | 90000 |
| 14 | കാർത്ത്യായിനി, ഇടപ്പാടി | 10000 | |
| 15 | മേരി, ളാലം ഓൾഡ് | | 100000 |
| 16 | വി.ഡി. തോമസ്, ളാലം ഓൾഡ് | 450000 | 1695000 |
| 17 | ടോമി ആന്റണി, ളാലം ഓൾഡ് | | 110000 |
| 18 | ലിസ്സി സാബു, കരൂർ | 25000 | |
| 19 | ടോമി ജോസഫ്, മൂന്നിലവ് | 50000 | |
| 20 | ജോമോൻ തോമസ്, മൂന്നിലവ് | 40000 | |
| 21 | മറിയാമ്മ വർക്കി, മൂന്നിലവ് | 40000 | |
| 22 | റോസമ്മ, ഇലഞ്ഞി | | 634700 |
| 23 | ശാന്ത മോഹനൻ, തോടനാൽ | 40000 | |

| | | | |
|---|---|---|---|
| 24 | സാബു ഒ.എം., വേദഗിരി | 50000 | |
| 25 | ഷിബു കെ.എസ്., ളാലം ഓൾഡ് | | 110000 |
| 26 | ജോബി, ളാലം ഓൾഡ് | | 200000 |
| 27 | മേരി വർഗീസ്, ളാലം ഓൾഡ് | | 150000 |
| 28 | എൽസി ജോസഫ്, ളാലം ഓൾഡ് | | 75000 |
| 29 | മേരി ജോയി, ളാലം ഓൾഡ് | | 650000 |
| 30 | ദേവസ്യാ വർക്കി, ളാലം ഓൾഡ് | | 75000 |
| 31 | ഏലി അയ്യൻകോവിൽ, ളാലം ഓൾഡ് | | 250000 |
| 32 | സാജൻ തോമസ്, ളാലം ഓൾഡ് | | 150000 |
| 33 | തോമസ് ആന്റണി, ളാലം ഓൾഡ് | | 100000 |
| 34 | പ്രിൻസ്, ളാലം ഓൾഡ് | | 100000 |

**സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | റോയി തോമസ് ചൊവ്വേലിക്കുടിയിൽ | | 250000 |
| 2 | റവ.ഫാ. ജോസഫ് മൂശാരിയേട്ട് | | 300000 |

**സ്ഥലം നൽകിയവർ**

| | | |
|---|---|---|
| 1 | ജോസ് കോട്ടയിൽ, ചേർപ്പുങ്കൽ | 33 സെന്റ് |
| 2 | സാബു കുര്യൻ പുത്തേട്ട്, മുണ്ടുപാലം | 3 സെന്റ് |
| 3 | ബ്ലെയിസ് മോൻസി നിവാസ്, കാട്ടാമ്പാക്ക് | 11 സെന്റ് |
| 4 | സെന്റ് ജോർജ് ചർച്ച്, അരുവിത്തുറ | 2.5 ഏക്കർ |
| 5 | സേക്രട്ട് ഹാർട്ട് ചർച്ച്, കരൂർ | 40 സെന്റ് |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപറമ്പിൽ**
കോർഡിനേറ്റർ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

താൻസാനിയായിലെ മഹേങ്ങേ രൂപതാ ബിഷപ് റൈറ്റ് റവ. അഗാപിറ്റി ഡോറോബോ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

അദിലാബാദ് രൂപതാ മുൻ ബിഷപ് മാർ ജോസഫ് കുന്നത്ത് കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

ഗ്രേറ്റ് ബ്രിട്ടൺ രൂപതാ ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ച് വി. കുർബാന അർപ്പിച്ചു.

പാറ്റ്നാ ആർച്ചുബിഷപ് റൈറ്റ് റവ. സെബാസ്റ്റ്യൻ കല്ലുപുരയ്ക്കൽ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

കൊഹിമാ ബിഷപ് റൈറ്റ് റവ. ജയിംസ് തോപ്പിൽ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

ഷില്ലോങ്ങിലെ തുറ ബിഷപ് റൈറ്റ് റവ. ജോസ് ചിറയ്ക്കൽ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

അമേരിക്കയിലെ ചിക്കാഗോ രൂപതാ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത് കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ച് വി. കുർബാന അർപ്പിച്ചു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. Mission Quest 2022**

സീറോ-മലബാർ സഭയുടെ മിഷൻ ഓഫീസും വിശ്വാസപരിശീലന കമ്മീഷനും സംയുക്തമായി 2022 ജനുവരി 9 ഞായറാഴ്ച നടത്തിയ Mission

Quest 2022 എന്ന ഓൺലൈൻ ക്വിസിൽ നമ്മുടെ രൂപതയിൽ നിന്നും 1861 പേർ പങ്കെടുത്തു. രൂപതതലത്തിൽ വിജയികളായവർ :

**കുട്ടികളുടെ വിഭാഗം**

1. ഹന്നാ മരിയ സോയി വാഴക്കാലയിൽ, രാമപുരം.
2. ദിയ എലിസബത്ത് സജി കുരിശുമ്മൂട്ടിൽ, മുണ്ടാങ്കൽ.
3. ആഗ്നറ്റ് മരിയ സോയിവാഴക്കാലായിൽ, രാമപുരം.

**മുതിർന്നവരുടെ വിഭാഗം**

1. എൽസി തോമസ് പൊടിമറ്റത്തിൽ, പാലാ കത്തീഡ്രൽ.
2. ബിബിൻ പോൾ അരീപ്ലാക്കൽ, നീറന്താനം.
3. മനു ജോർജ് ചെറുകാട്ടിൽ, പാദുവ.

വിജയികൾക്ക് അഭിനനന്ദനങ്ങൾ. കുട്ടികളെയും മുതിർന്നവരെയും ക്വിസിൽ പങ്കെടുപ്പിക്കാനായി പരിശ്രമിച്ച ബഹുമാനപ്പെട്ട വൈദികരെയും പ്രഥമാധ്യാപകരെയും പ്രത്യേകം ഓർക്കുന്നു. മത്സരത്തിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ചതിനുള്ള പുരസ്കാരം പാലാ രൂപത കരസ്ഥമാക്കി.

**2. CTP പരീക്ഷ**

2021 – 2022 വിശ്വാസപരിശീലനവർഷത്തിൽ Online ആയി സംഘടിപ്പിച്ച CTP (Catechists Training Programme) യുടെ പരീക്ഷകൾ 2021 ഡിസംബർ 27 മുതൽ ജനുവരി 4 വരെയുള്ള തീയതികളിലായി നടത്തപ്പെട്ടു. Google Forms ഉപയോഗിച്ച് ഓൺലൈൻ ആയിട്ടായാണ് പരീക്ഷയും നടത്തിയത്.

**3. X , XI , XII ക്ലാസ്സുകളിലെ വാർഷികപരീക്ഷ**

X , XI , XII ക്ലാസ്സുകളിലെ വാർഷികപരീക്ഷ 2022 ഫെബ്രുവരി 27 ഞായറാഴ്ച നടത്തുന്നതാണ്.

സമയം : 2 pm - 4 pm

വിശ്വാസപരിശീലനകലണ്ടറിൽ നൽകിയിരിക്കുന്ന പാഠ്യപദ്ധതിയനുസരിച്ചു എഴുത്തു പരീക്ഷയായിട്ടായിരിക്കും പരീക്ഷ നടത്തുന്നത്. പരീക്ഷയുടെ രജിസ്ട്രേഷനെ സംബന്ധിച്ച കാര്യങ്ങൾ പ്രഥമാധ്യാപകരുടെ WhatsApp ഗ്രൂപ്പ് വഴി അറിയിക്കുന്നതാണ്.

**4. പ്രഥമാധ്യാപകസമ്മേളനം**

കോവിഡിന്റെ അതിതീവ്രവ്യാപനത്തെത്തുടർന്നു മാറ്റിമവച്ച പ്രഥമാധ്യാപക സമ്മേളനം 2022 ഫെബ്രുവരി 12 ശനിയാഴ്ച രാവിലെ 10 മണിക്ക് ഓൺലൈൻ ആയി നടത്തുന്നതാണ്. സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് പ്രഥമാധ്യാപകരുടെ WhatsApp ഗ്രൂപ്പ് വഴി നൽകുന്നതാണ്.

**5. വിശ്വാസപരിശീലനവാർഷികം**

കോവിഡ് വ്യാപനത്തെത്തുടർന്നുണ്ടായ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ 2022 ജനുവരി 26 വ്യാഴാഴ്ച നടത്താൻ നിശ്ചയിച്ചിരുന്ന രൂപത വിശ്വാസ

പരിശീലനവാർഷികം മാറ്റി വച്ചു. വാർഷികസമ്മേളനത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**6. സൺഡേസ്കൂൾ സന്ദർശനം**

അടിവാരം, കാവാലി, കുളമാവ്, ചേറ്റുതോട് എന്നീ ഇടവകകളിലെ സൺഡേ സ്കൂളുകളിൽ രൂപത ഡയറക്ടർ ഞായറാഴ്ചകളിൽ ഔദ്യോഗിക സന്ദർശനം നടത്തി. മാതാപിതാക്കളെയും കുട്ടികളെയും വിശ്വാസപരിശീലകരെയും പ്രത്യേകം കാണുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**7. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്രരംഗം**

സ്കൂൾ മതബോധനത്തിന്റെയും സന്മാർഗ്ഗശാസ്ത്രത്തിന്റെയും രണ്ടാം ടേം പരീക്ഷ 2022 ഫെബ്രുവരി 17, 18 തീയതികളിൽ ഓൺലൈനായി നടത്തുന്നതാണ്. പരീക്ഷക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# മിഷൻലീഗ് വാർത്തകൾ

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ജനുവരി മാസത്തെ എക്സിക്യൂട്ടീവ് യോഗം ജനുവരി 23 ഞായറാഴ്ച ഓൺലൈനായി നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം വരും മാസങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**സെക്രട്ടറിയേറ്റ് യോഗങ്ങൾ**

സംഘടനയുടെ ജനുവരി മാസത്തെ സെക്രട്ടറിയേറ്റ് യോഗങ്ങൾ 07, 25 തീയതികളിൽ നടന്നു.

**രൂപത രചനാമത്സരം – വിജയികൾ**

2021 ഡിസംബർ മാസം നടത്തിയ രൂപത രചനാമത്സരത്തിലെ വിജയികൾ –

**കഥാരചന**

**ജൂനിയർ ആൺകുട്ടികൾ**

1. ആൽബർട്ട് രഞ്ജിത്ത് ജോസഫ്, ഓംപള്ളിൽ, മറ്റത്തിപ്പാറ (ഗാഗുൽത്താ).
2. അൽഫോൻസ് സന്തോഷ്, കീച്ചേരിൽ, കുന്നോന്നി.
3. ജൂവൽ സാജു, പാറയിൽ, അമ്പാറനിരപ്പേൽ.

**ജൂനിയർ പെൺകുട്ടികൾ**

1. ജീവ മരിയ ജോയി, തെരുവത്ത്, നീറന്താനം.
2. അലോണ ആൽബി, വെമ്പിൽ, ചെമ്മലമറ്റം.

3. അസ്ന ബിജു, പുത്തേട്ട്, പറത്താനം.

**സീനിയർ ആൺകുട്ടികൾ**

1. ജോയൽ ജോസഫ്, ഇല്ലിക്കൽ, കൊണ്ടാട്.
2. മാത്യു ജോയ്സ്, കടപ്ലാക്കൽ, തീക്കോയി.
3. മോൻസ് കുര്യൻ, ചെരിപുറം, കാഞ്ഞിരമറ്റം.

**സീനിയർ പെൺകുട്ടികൾ**

1. നിവ്യ ട്രീസ ഷാജി, ഉപ്പുമാക്കൽ, മാനത്തൂർ.
2. അൻസു ബാബു, വട്ടപ്പള്ളിൽ, പൂഴിക്കോൽ.
3. ഷെറിൻ ജെയിംസ്, തൊട്ടിപ്പറമ്പിൽ, മലപ്പുറം.

**ഉപന്യാസരചന**

**ജൂനിയർ ആൺകുട്ടികൾ**

1. ബിയോൺ ബിനീഷ്, തെക്കേടത്ത്, പിറവം.
2. ജോയൽ ടോം ജോബി, വല്ലനാട്ട്, കടനാട്.
3. ജെസ്വിൻ ജ്യോതിസ്, പൈകട, അറക്കുളം ന്യൂ.

**ജൂനിയർ പെൺകുട്ടികൾ**

1. എമിൽ ജോഷി, കണ്ടത്തിൽ, തീക്കോയി.
2. റോസ്മേരി തോമസ്, കുഴിവേലിൽ, മുട്ടുചിറ.
3. ഫ്ലാവിയ മരിയ സതീഷ്, പുതുപിള്ളിൽ, കുടക്കച്ചിറ.

**സീനിയർ ആൺകുട്ടികൾ**

1. റിയോൺ ജോസ്, മുത്തനാട്ട്, തീക്കോയി.
2. ലിയോ ഡോജി, പുളിക്കീൽ, രാമപുരം.
3. ജെയിംസ് തോമസ്, കൊച്ചുപുരയ്ക്കൽ, കുറവിലങ്ങാട്.

**സീനിയർ പെൺകുട്ടികൾ**

1. മരിയ സന്തോഷ്, പോക്കാട്ടേൽ, തിരുമാറാടി.
2. ജോഫിയ ട്രീസ ജോർജ്, ആലപ്പാട്ട് , മുട്ടുചിറ.
3. മരിയ കെ.സിബി, കുറ്റിയാനിക്കൽ, തീക്കോയി.

**സംസ്ഥാന സാഹിത്യമത്സരം**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംസ്ഥാനസമിതി നടത്തിയ കവിതാരചന മത്സരത്തിൽ സൂപ്പർ സീനിയർ വിഭാഗം രണ്ടാംസ്ഥാനം നേടിയ നമ്മുടെ രൂപതയിലെ ആൻസി സെബാസ്റ്റ്യൻ തട്ടാംപറമ്പിലിന് അഭിനന്ദനങ്ങൾ.

**കുഞ്ഞുമിഷനറി മാസിക**

കോവിഡ് - 19 ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കുഞ്ഞുമിഷനറി മാസിക ജനുവരി മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**കുഞ്ഞുമിഷനറി ക്വിസ് 2022**

ചെറുപുഷ്പ മിഷൻലീഗിന്റെ സുവർണ്ണജൂബിലി സ്മാരകമായി പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ 25 – മത് അഖില കേരള കുഞ്ഞുമിഷനറി ക്വിസ് മത്സരം 2022 ജനുവരി 01, 08 തീയതികളിലായി നടത്തി. 2151 കുട്ടികൾ പങ്കെടുത്തു.

**മത്സരത്തിലെ വിജയികൾ**

1. മെറീന സോജൻ, കുഴിത്തോട്ട്, തീക്കോയി.
2. നിയ പയസ്, കൊച്ചുപുരയ്ക്കൽ, തീക്കോയി.
3. എമി റോസ് തങ്കച്ചൻ, കുളപ്പള്ളിൽ, കുറവിലങ്ങാട്.
4. ഡോണ ജോർജ്, വടകര, ചെമ്മലമറ്റം

**ക്ലാസ് അടിസ്ഥാനത്തിലുള്ള വിജയികൾ**

5. തോമസ് വർക്കി, വടകര, ചെമ്മലമറ്റം.
6. ഡെറിൻ പി. നോയൽ, പാലമറ്റത്തിൽ, തീക്കോയി.
7. ജോസ്മിയ പി.വി., പുത്തേട്ട്, തീക്കോയി
8. ആൽഫിൻ മാത്യു ബിനോയ്, അക്കരമനച്ചിറയിൽ, കുറവിലങ്ങാട്.
9. എയ്ഞ്ചൽ റോസ് അലക്സ്, വള്ളിയാംതടത്തിൽ, തീക്കോയി.
10. അർച്ചന ജെയിംസ്, തെക്കേച്ചെരുവിൽ, മൂലമറ്റം.
11. ജിസ്സ ട്രീസ ബിജു, കുറുപ്പംപറമ്പിൽ, അറുന്നൂറ്റിമംഗലം.
12. മെർലിൻ ലാൽ, കരിക്കാട്ടിൽ, മംഗളാരാം.

**മിസ്സിയോ ഗ്ലോബൽ മീറ്റ്**

ചെറുപുഷ്പ മിഷൻ ലീഗ് കേരള സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിഷൻലീഗ് പ്രവർത്തകരുടെ ഓൺലൈൻ സംഗമം ജനുവരി 09 ഞായറാഴ്ച നടത്തി. ഈ സംഗമത്തിൽ രൂപത ഭാരവാഹികൾ പങ്കെടുത്തു.

**രൂപത വാർഷികം**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ജനുവരി 30 ന് നടത്താനിരുന്ന രൂപത വാർഷികം മാറ്റിവച്ചു.

**രൂപത മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത മാനേജിംഗ് കമ്മിറ്റി 2022 ഫെബ്രുവരി 12 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഓൺലൈനായി നടക്കും. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും മേഖല ഭാരവാഹികളും നിർബന്ധമായും ഈ മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുക്കേണ്ടതാണ്.

**ജൂബിലി മെഗാ ക്വിസ് 2022**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ജൂബിലി മെഗാ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

2022 മാർച്ച് 05,12 തീയതികളിലായി നടത്തുന്ന മത്സരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. മത്സരവിഷയം

i) പ്രേഷിതവഴിയിലെ വിജയഗാഥ - 40%

ii) വി.മർക്കോസിന്റെ സുവിശേഷം (9 മുതൽ 16 വരെ അധ്യായങ്ങൾ) - 30%

iii) ചെറുപുഷ്പ മിഷൻലീഗ് നിയമാവലി (പരിഷ്കരിച്ച പതിപ്പ് 2019) 20%

iv) സഭ പൊതു ചോദ്യങ്ങൾ - 10%

2. ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നിങ്ങനെ 3 വിഭാഗങ്ങളിലായിട്ടാണ് മത്സരം നടത്തുന്നത്.

3. പ്രായപരിധി

ജൂനിയർ : 2006 ജനുവരി 1 - 2008 ഡിസംബർ 31 വരെ.

സീനിയർ : 2002 ജനുവരി 1 - 2005 ഡിസംബർ 31 വരെ.

സൂപ്പർ സീനിയർ : 2002 ജനുവരി 1 നു മുൻപ് ജനിച്ച വിശ്വാസപരിശീലകർ.

4. മത്സരത്തിന് ആൺ - പെൺ വ്യത്യാസമില്ല.

5. മത്സരം രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടത്തുന്നത്. ആദ്യഘട്ട മത്സരം 2022 മാർച്ച് 05 ശനിയാഴ്ച രാത്രി 8.30 ന് ഗൂഗിൾ ഫോം വഴി നടത്തും. മത്സരത്തിനുള്ള ലിങ്ക് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ വാട്സാപ്പ് ഗ്രൂപ്പുകൾ വഴി നൽകുന്നതാണ്.

6. ഒന്നാംഘട്ട മത്സരത്തിൽ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 10 പേർക്ക് വീതം രണ്ടാംഘട്ട മത്സരത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കും. ഈ സ്ഥാനങ്ങളിലേക്ക് കൂടുതൽ പേർക്ക് ഒരേ മാർക്കുവന്നാൽ ഏറ്റവുമാദ്യം (കുറഞ്ഞ സമയത്തിനുള്ളിൽ) ഉത്തരം അയച്ചുതരുന്നവരെ പരിഗണിക്കും.

7. ഒന്നാം ഘട്ട മത്സരത്തിന്റെ റിസൾട്ട് മാർച്ച് 7 ന് പ്രസിദ്ധപ്പെടുത്തുന്നതാണ്.

8. അവസാനഘട്ട മത്സരം 2022 മാർച്ച് 12 ശനിയാഴ്ച രാവിലെ 9.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കും.

9. അവസാനഘട്ട മത്സരത്തിനായി തിരഞ്ഞെടുക്കപ്പെടുന്നവർ തങ്ങളുടെ പേര്, വീട്ടുപേര്, ഇടവക, ജനനത്തീയതി എന്നിവ തെളിയിക്കുന്ന ശാഖാ ഡയറക്ടറുടെ സാക്ഷ്യപത്രം മത്സരത്തിനെത്തുമ്പോൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

10. അവസാനഘട്ട മത്സരത്തിൽ ഒന്നു മുതൽ മൂന്നുവരെ സ്ഥാനം നേടുന്നവർക്ക് യഥാക്രമം 5001, 3001, 2001രൂപ വീതം സമ്മാനമായി ലഭിക്കുന്നതാണ്. കൂടാതെ, ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന ഒരാൾക്ക് 1501 രൂപ സമ്മാനമായി ലഭിക്കും.

11. അവസാനഘട്ട മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനം നൽകുന്നതാണ്. ഒരു സമ്മാനം ലഭിക്കുന്നവർക്ക് ഇതര സമ്മാനങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

12. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

13. മത്സര കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

14. രൂപതതലത്തിൽ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് സംസ്ഥാനമത്സരത്തിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കും.

15. അന്വേഷണങ്ങൾക്ക് :- **9447766926, 9645885502, 9447120957.**

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**ലീഡേഴ്സ് ക്യാമ്പും ഇലക്ഷനും**

കെ.സി. എസ്. എൽ പാലായുടെ 2022 വർഷത്തെ സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും ലീഡേഴ്സ് ക്യാമ്പും ജനുവരി 7 ന് പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. മോൺ. ഡോ. ജോസഫ് തടത്തിൽ (പാലാ രൂപത വികാരി ജനറാൾ) ഉദ്ഘാടനം ചെയ്തു കുട്ടികൾക്ക് സന്ദേശം നൽകി. പാലാ രൂപത ജനറൽ ഓർഗനൈസർ ശ്രീ. എബി ജോസ് സ്വാഗതവും പ്രസിഡന്റ് ശ്രീ. ജിജോ മാത്യു അദ്ധ്യക്ഷപ്രസംഗവും, പാലാ രൂപത കെ. സി. എസ്. എൽ ഡയറക്ടർ ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് മുഖ്യ പ്രഭാഷണവും നടത്തി. ക്യാമ്പിൽ 140 കുട്ടികൾ പങ്കെടുത്തു. ലിയോ സ്റ്റീഫൻ (സെന്റ് മേരീസ് എച്ച്. എസ്. എസ്, ഭരണങ്ങാനം) ചെയർമാനായും, അലിറ്റ മനോജ് (എസ്. എച്ച്. ജി. എച്ച്. എസ്, രാമപുരം) ജനറൽ സെക്രട്ടറിയുമായി തിരഞ്ഞെടുക്കപ്പെട്ടു. കുട്ടികൾക്കായി ഡയറക്ടർ ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് ഒരു നല്ല ലീഡർ എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് ക്ലാസ്സ് എടുക്കുകയും ചെയ്തു. രാവിലെ 9.30 ന് ആരംഭിച്ച ക്യാമ്പ് ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സമാപിച്ചു.

**<u>സ്റ്റുഡന്റ്സ് എക്സിക്യൂട്ടീവംഗങ്ങൾ</u>**

| | | |
|---|---|---|
| ചെയർമാൻ | - | ലിയോ സ്റ്റീഫൻ<br>സെന്റ് മേരീസ് എച്ച്. എസ്. എസ്,<br>ഭരണങ്ങാനം |
| ജനറൽ സെക്രട്ടറി | - | അലിറ്റ മനോജ്<br>എസ്. എച്ച്. ജി. എച്ച്. എസ്, രാമപുരം |
| എച്ച്. എസ്. എസ്. സെക്രട്ടറി | - | ക്രിസ്റ്റി ജിസ്സ്<br>സെന്റ് അഗസ്റ്റിൻസ് എച്ച്. എസ്.എസ്,<br>രാമപുരം<br>ആർഷ ആന്റോ<br>സെന്റ് ജോൺസ് എച്ച്. എസ്. എസ്,<br>കൊഴുവനാൽ |
| എച്ച്. എസ്. എസ്. എക്സിക്യൂട്ടീവ് | - | നേഹ ആൻ സജിത്ത്<br>സെന്റ് മേരീസ് ജി. എച്ച്. എസ്. എസ്, പാലാ |

| | | |
|---|---|---|
| എച്ച്. എസ്. സെക്രട്ടറി | – | ലൂസി തോമസ്<br>സെന്റ് മേരീസ് ജി. എച്ച്. എസ്,<br>കുറവിലങ്ങാട്<br>അഗസ്റ്റസ് ബിനോയ്<br>സെന്റ് അഗസ്റ്റിൻസ് എച്ച്. എസ്.എസ്,<br>രാമപുരം |
| എച്ച്. എസ്. എക്സിക്യൂട്ടീവ് | – | ഏബിൾ ആന്റണി റോബിൻ<br>സെന്റ് അഗസ്റ്റിൻസ് എച്ച്. എസ്,<br>പെരിങ്ങുളം |
| യു. പി. സെക്രട്ടറി | – | നൻമ ജോബിൻ<br>സെന്റ് മേരീസ് ജി. എച്ച്. എസ്,<br>കുറവിലങ്ങാട്<br>ജിത്തുമോൻ ജോസ്<br>എസ്. എം. ജി. എച്ച്. എസ്, ചേന്നാട് |
| യു. പി. എക്സിക്യൂട്ടീവ് | – | ജുവൽ അൽഫോൻസ് സജി<br>സെന്റ് മേരീസ് എച്ച്. എസ്. എസ്,<br>ഭരണങ്ങാനം |

**സമ്മാനവിതരണം നടത്തി**

കെ.സി.എസ്.എൽ പാലാ കുട്ടികൾക്കായി ഓൺലൈനായി നടത്തിയ വിവിധ മത്സരങ്ങളുടെ സമ്മാനങ്ങൾ ജനുവരി 7 ന് നടത്തിയ ലീഡേഴ്സ് ക്യാമ്പിൽ വച്ച് മോൺ. ഡോ. ജോസഫ് തടത്തിൽ (പാലാ രൂപത വികാരിജനറാൾ) വിതരണം ചെയ്തു.

**സദ്വാർത്ത 2k21**

ക്രിസ്തുമസിനോടനുബന്ധിച്ച് കെ.സി.എസ്.എൽ പാലായും ഓൺലൈൻ വാർത്താചാനലായ പാലാ വിഷനും സംയുക്തമായി അണിയിച്ചൊരുക്കിയ ക്രിസ്തുമസിനൊരുക്കമായ ഡിജിറ്റൽ മാഗസിൻ **"സദ്വാർത്ത 2k21"** യുടെ മത്സര വിജയികൾ:

ഒന്നാം സമ്മാനം – ആൻ മരിയ ബിജു, സെന്റ് മേരീസ് ചർച്ച്, ഏന്തയാർ

രണ്ടാം സമ്മാനം – ഡിറ്റോ ഡാനി, സെന്റ് മേരീസ് ചർച്ച്, മൂന്നിലവ്

മൂന്നാം സമ്മാനം – മരിയ ഡേവിസ്, സെന്റ് മേരീസ് ചർച്ച്, വെണ്ണൂർ

**ഗ്ലോറിയ അത്യുന്നതനെ – ക്രിസ്തുമസ് ഗാനമത്സരം**

കെ.സി.എസ്.എൽ പാലായും പാലാവിഷനും ചേർന്നൊരുക്കിയ ക്രിസ്തുമസ് ഗാനമത്സരത്തിൽ നിരവധിപേർ പങ്കെടുത്തു. 'ഗ്ലോറിയ അത്യുന്നതനെ' എന്ന ആൽബത്തിലെ 'വാനിലെ താരകങ്ങൾ' എന്ന് തുടങ്ങുന്ന ഗാനമാണ് മത്സരത്തിനുവേണ്ടി നൽകിയിരുന്നത്. കാറ്റഗറി തിരിച്ചാണ് (സിംഗിൾ, ഗ്രൂപ്പ്) മത്സരങ്ങൾ നടത്തിയത്.

**ഗ്രൂപ്പ് മത്സരവിജയികൾ**

ഒന്നാം സമ്മാനം - സെന്റ് തോമസ് അഡോറേഷൻ കോൺവെന്റ്, തുരുത്തി
രണ്ടാം സമ്മാനം - ദിയ റോജി, കാഞ്ഞിരത്തുങ്കൽ & ടീം മേരിലാൻഡ്
മൂന്നാം സമ്മാനം - അനുഷ & ടീം

**സിംഗിൾ മത്സരവിജയികൾ**

ഒന്നാം സമ്മാനം - ആബിസ് ഷെൽഫി, മേലുകാവുമറ്റം
രണ്ടാം സമ്മാനം - ജോയൽ ജോൺ, കരുണാപുരം
മൂന്നാം സമ്മാനം - എവ്‌ളിൻ റോസ് ബിജു, മുട്ടാർ, ആലപ്പുഴ

**ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട്** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**രൂപത വാർഷികം (ഗ്ലോറിയ)**

ജനുവരി രണ്ടാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് എസ്.എം.വൈ.എം. പാലാ രൂപതയുടെ വാർഷികം പാലാ അൽഫോൻസാ കോളജിൽ വച്ച് നടത്തപ്പെട്ടു. വാർഷികാഘോഷയോഗം പാലാ രൂപത വികാരി ജനറാൾ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ 2021 പ്രവർത്തനസമിതി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത തലത്തിലെ മികച്ച ഫൊറോനകൾക്കും യൂണിറ്റുകൾക്കും ഫൊറോനാതലത്തിലെ മികച്ച യൂണിറ്റുകൾക്കും കലോത്സവജേതാക്കൾക്കും പുരസ്കാരങ്ങൾ സമ്മാനിച്ചു. 2021 പ്രവർത്തനവർഷത്തിലെ മികച്ച എസ്.എം.വൈ.എം. പ്രവർത്തകനുള്ള ദാനിയേൽ അവാർഡ് ശ്രീ തോമസ് ബാബുവും (കാട്ടാമ്പാക്ക്) മികച്ച പ്രവർത്തകയ്ക്കുള്ള എസ്തേർ അവാർഡ് കുമാരി മെറിൻ തോമസും (കുറവിലങ്ങാട്) സ്വന്തമാക്കി.

**എവർറോളിംഗ് ട്രോഫി കരസ്ഥമാക്കിയവർ**

ഫൊറോന ഓവറോൾ 1-ാം സമ്മാനം - രാമപുരം
ഫൊറോന ഓവറോൾ 2-ാം സമ്മാനം - കുറവിലങ്ങാട്

**എ കാറ്റഗറി**

എ യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - കാട്ടാമ്പാക്ക്
എ യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - കുന്നോന്നി
ബി യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - പാലക്കാട്ടുമല
ബി യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - കുന്നോന്നി

**ബി കാറ്റഗറി**

എ യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - തുടങ്ങനാട്
എ യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - കുടക്കച്ചിറ
ബി യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - തുടങ്ങനാട്
ബി യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - കുടക്കച്ചിറ

**സി കാറ്റഗറി**

എ യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - മോനിപ്പള്ളി
എ യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - ളാലം ഓൾഡ്
ബി യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - പൂഞ്ഞാർ
ബി യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - മോനിപ്പള്ളി

**ഡി കാറ്റഗറി**

എ യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - കുറവിലങ്ങാട്
എ യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - രാമപുരം
ബി യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - കുറവിലങ്ങാട്
ബി യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - രാമപുരം

**രൂപതാ കലോത്സവം (ദൽക്ക)**

എ യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - ളാലം ഓൾഡ്
എ യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - രാമപുരം & കാട്ടാമ്പാക്ക്
ബി യൂണിറ്റ് ഓവറോൾ 1-ാം സമ്മാനം - തുടങ്ങനാട്
ബി യൂണിറ്റ് ഓവറോൾ 2-ാം സമ്മാനം - തീക്കോയി

**രൂപത തിരഞ്ഞെടുപ്പ് 2022**

2022 വർഷത്തെ എസ്.എം.വൈ.എം. പാലാ രൂപത പ്രവർത്തനസമിതി യുടെ തിരഞ്ഞെടുപ്പ് ജനുവരി 2-ാം തീയതി പാലാ അൽഫോൻസാ കോളജിൽ വച്ച് വൈകുന്നേരം 4.30 ന് നടത്തി.

പ്രസിഡന്റ് - ജോസഫ് സെബാസ്റ്റ്യൻ കിണറ്റുകര (ചേറ്റുതോട്)
വൈസ് പ്രസിഡന്റ് - റിന്റു റെജി (പ്ലാശനാൽ)
ജനറൽ സെക്രട്ടറി - ഡിബിൻ ഡൊമിനിക് (കുറവിലങ്ങാട്)
ഡെപ്യൂട്ടി പ്രസിഡന്റ് - എഡ്വിൻ ജോസ് (കീഴൂർ)
സെക്രട്ടറി - ടോണി ജോസഫ് കവിയിൽ (ഉള്ളനാട്)
ജോ. സെക്രട്ടറി - നവ്യാ ജോൺ (തീക്കോയി)
ട്രഷറർ - മെറിൻ തോമസ് പൊയ്യാനിയിൽ (കുറവിലങ്ങാട്)
റീജിയണൽ കൗൺസിലർ - ലിയോൺസ് സായ് (കടനാട്)
റീജിയണൽ കൗൺസിലർ - ലിയ തെരേസ് ബിജു (മൂലമറ്റം)

**മട്ടാഞ്ചേരി തീർത്ഥാടനം**

1653 ജനുവരി മൂന്നിന് നടന്ന മട്ടാഞ്ചേരി സ്ലീവാ സത്യത്തിന്റെ 670-ാം ഓർമദിനത്തിൽ മട്ടാഞ്ചേരി, ഇടപ്പള്ളി, അങ്കമാലി, ആലങ്ങാട് എന്നീ നസ്രാണി കേന്ദ്രങ്ങളിലൂടെ തീർത്ഥാടനം നടത്തി. വിവിധ നസ്രാണി പ്രതിനിധികൾ പങ്കെടുത്തു. മാർത്തോമ്മാ നസ്രാണികൾ ഒന്നായിരുന്ന കാലഘട്ടത്തിലെ അവസാന നാളുകളിലെ ചരിത്രസംഭവങ്ങൾ നടന്ന സ്ഥലങ്ങളും പിതാക്കന്മാരുടെ ഓർമകളും യുവാക്കൾക്കു പഠനവിഷയമായി. ക്രൈസ്തവർ നസ്രാണി ഐക്യത്തിനായി പ്രതിജ്ഞയെടുക്കുകയും മാർത്തോമ്മാ - നസ്രാണി മാപ്പിള സംഘത്തിനു രൂപം നൽകുകയും ചെയ്തു.

**രാക്കുളിത്തിരുനാൾ - ജനുവരി 5 പുറത്തുനമസ്കാരം**

പാലാ രൂപതയുടെയും പാലാ ഫൊറോനയുടെയും ആഭിമുഖ്യത്തിൽ ജനുവരി അഞ്ചാം തീയതി വൈകുന്നേരം പാലാ ഭദ്രാസന പള്ളിയിൽ വച്ച് രാക്കുളിത്തിരുനാൾ പൗരസ്ത്യവിധികളോടെ ആചരിച്ചു. രാക്കുളിത്തിരുനാളിന്റെ ഭാഗമായി നടത്തിയ പുറത്തുനമസ്കാരത്തിൽ രൂപതാധ്യാക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് കൽവിളക്ക് തെളിയിച്ചു. മാർ ജോസഫ് സ്രാമ്പിക്കൽ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് നസ്രാണി കലാരൂപമായ പുരുഷന്മാരുടെ (മിശിഹാ - മാർ തോമ) മാർഗംകളി, നസ്രാണികളുടെ രാക്കുളി എന്നിവയും നടന്നു. ദനഹാ ആചരണത്തിൽ എസ്.എം.വൈ.എം. പാലാ രൂപതയിലെ യുവജനങ്ങൾ രൂപത ഡയറക്ടറച്ചനോടൊപ്പം പങ്കെടുത്തു.

**സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ്**

ജനുവരി 15-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് 2021 രൂപത സമിതിയും 2022 ലെ പുതിയ രൂപത സമിതിയുംകൂടി അരുണാപുരം പള്ളി പാരിഷ്ഹാളിൽ സംയുക്ത എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. സഭൈക്യവാരം ആഘോഷിക്കുന്നതിനെക്കുറിച്ചും നിലയ്ക്കൽ തീർത്ഥാടനത്തെക്കുറിച്ചും എക്സിക്യൂട്ടീവിൽ ചർച്ച ചെയ്തു. കഴിഞ്ഞ പ്രവർത്തനവർഷത്തിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ച 2021 പ്രവർത്തനസമിതിയെ മീറ്റിംഗിൽ ആദരിച്ചു.

**44-ാമത് കെ.സി.വൈ.എം. സംസ്ഥാന വാർഷിക സെനറ്റ്**

44-ാമത് കെ.സി.വൈ.എം. സംസ്ഥാന വാർഷിക സെനറ്റ് പാലക്കാട് യുവക്ഷേത്ര കോളജിൽ വച്ച് പാലക്കാട് രൂപതയുടെ നേതൃത്വത്തിൽ ജനുവരി 7, 8, 9 തീയതികളിൽ നടത്തപ്പെട്ടു. സമ്മേളനത്തിൽ പാലാ രൂപതയുടെ അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. എസ്.എം.വൈ.എം. പാലാ രൂപത പ്രസിഡന്റ്, ആനിമേറ്റർ സി. നിർമല തെരേസ്, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, സിൻഡിക്കേറ്റ് മെമ്പേഴ്സ് എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

**കെ.സി.വൈ.എം. സംസ്ഥാന തിരഞ്ഞെടുപ്പ്**

കേരള കത്തോലിക്കാസഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം. നാല്പത്തിനാലാമത് സെനറ്റ് സമ്മേളനവും തിരഞ്ഞെടുപ്പും പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ മുണ്ടൂർ യുവക്ഷേത്ര കോളജിൽ വച്ച് ജനുവരി 7,8,9 തീയതികളിൽ നടത്തപ്പെട്ടു. കേരള കത്തോലിക്കാ സഭയിലെ 32 രൂപതയിലെ യുവജനപ്രതിനിധികൾ പങ്കെടുത്ത 44-ാമത് വാർഷിക സെനറ്റിലാണ് തിരഞ്ഞെടുപ്പ് നടന്നത്. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര, സി. റോസ് മെറിൻ എസ്.ഡി, ശ്രീ എഡ്വേർഡ് രാജു എന്നിവർ തിരഞ്ഞെടുപ്പിനു നേതൃത്വം കൊടുത്തു. സംസ്ഥാന സമിതിയുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസിഡന്റ് - ഷിജോ ഇടയാടിൽ (ചങ്ങനാശ്ശേരി)
ജനറൽ സെക്രട്ടറി - ബിച്ചു കുര്യൻ തോമസ് (മുവാറ്റുപുഴ)

വൈസ് പ്രസിഡന്റ് - ഡെലിൻ ഡേവിഡ് (കൊല്ലം രൂപത)
ജിബിൻ ഗബ്രിയേൽ- (പുനലൂർ രൂപത)

സെക്രട്ടറി - തുഷാര തോമസ് (എറണാകുളം - അങ്കമാലി)
ഷിജോ നിലക്കപ്പിള്ളി (തലശ്ശേരി)
സെലിൻ ചന്ദ്ര ബാബു (പാറശ്ശാല)
സ്മിത ആന്റണി (വരാപ്പുഴ)

ട്രഷറർ - ലിനു വി. ഡേവിഡ് (പത്തനംതിട്ട)

**അനുഗ്രഹ ചാരിറ്റബിൾ സൊസൈറ്റിക്ക് സഹായം**

പാലാ രൂപത വികാരി ജനറൽ മോൺ. ജോസഫ് മലേപ്പറമ്പിൽ ആത്മീയ പിതാവായി കുറവിലങ്ങാട് തോട്ടുവ ഭാഗത്തു പ്രവർത്തിക്കുന്ന അനുഗ്രഹ ചാരിറ്റബിൽ സൊസൈറ്റി നിർദ്ധനരായ ആളുകൾക്ക് വീടും മറ്റു സൗകര്യങ്ങളും നൽകി നന്നായി പ്രവർത്തിച്ചുവരുന്നു. അവരുടെ പുതിയ സംരംഭമായ പാലിയേറ്റീവ് കെയറിനുള്ള ഒരു പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിടം വൃത്തിയാക്കുന്നതിനായി എസ്.എം.വൈ.എം. പാലാ രൂപതയിലെ യുവജനങ്ങൾ ജനുവരി 8, 9 തീയതികളിലായി ശ്രമദാനത്തിൽ പങ്കെടുത്തു.

**ആഗോളസഭൈക്യ വാരാചരണം - നിലയ്ക്കൽ, പകലോമറ്റം തീർത്ഥാടനം (ജനുവരി 18-25)**

ആഗോള സഭൈക്യ വാരാചരണത്തോടനുബന്ധിച്ച് എസ്.എം.വൈ.എം. പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ രൂപത ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംഘം ജനുവരി 18 ന് മാർത്തോമാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച ഏഴരപള്ളികളിൽ ഒന്നായ നിലയ്ക്കലുള്ള എക്യുമെനിക്കൽ സെന്റർ സന്ദർശിക്കുകയും സുറിയാനി കുർബാന അർപ്പിക്കുകയും ഫാ. ബാബു മൈക്കിൽ ഒ. ഐ.സി. (എക്യുമെനിക്കൽ സെന്റർ ഇൻചാർജ്) യുടെ അധ്യക്ഷതയിൽ എക്യുമെനിക്കൽ സംവാദത്തിൽ പങ്കെടുക്കുകയും ചെയ്തു. പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തിയ യാത്രയിൽ വിവിധ ദേശങ്ങളിൽനിന്നുള്ള വിവിധ നസ്രാണി സഭാഗംങ്ങളായ വൈദികരടക്കമുള്ള നസ്രാണി പ്രതിനിധികൾ പങ്കെടുത്തു.

ജനുവരി 18 ന് ആരംഭിച്ച ആഗോള സഭൈക്യവാരാചരണത്തിന്റെ സമാപനദിവസമായ ജനുവരി 25 ചൊവ്വാഴ്ച, പാലാ രൂപതയിലെ ഏതാനും നസ്രാണിയുവാക്കൾ നസ്രാണികളുടെ 17-ാം നൂറ്റാണ്ടുവരെയുള്ള അവിഭക്ത കാലത്തെ ജാതിക്കു കർത്തവ്യന്മാരായിരുന്ന നിരവധി അർക്കദിയാക്കോനച്ചന്മാർ അന്ത്യവിശ്രമം കൊള്ളുന്ന പകലോമറ്റം തറവാട് പള്ളിയിലെത്തി വന്ദ്യ പിതാക്കന്മാരെ ആദരിക്കുകയും സഭൈക്യത്തിനായി- വിശിഷ്യ മാർത്തോമാ ശ്ലൈഹിക പാരമ്പര്യമുള്ള സഭകളുടെ ഐക്യത്തിനായി പ്രതിജ്ഞാബദ്ധതയോടെ പ്രാർത്ഥിക്കുകയും ചെയ്തു. പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് എത്തിച്ചേർന്നത് കൂട്ടായ്മയെ ധന്യമാക്കി. അപ്രതീക്ഷിതമായ

പിതാവിന്റെ വരവും സഭൈക്യത്തിന്റെ സന്ദേശവും യുവജനങ്ങൾക്ക് ആവേശ മായി. പിതാവിനൊപ്പം തറവാട് പള്ളിയിലും അർക്കദിയാക്കോന്മാരുടെ കബറി ടത്തിങ്കലും പ്രാർത്ഥിക്കുകയും ചെയ്തു.

**29-ാമത് വൈ.എ.റ്റി.പി. ബാച്ച്**

29-ാമത് വൈ.എ.റ്റി.പി. ബാച്ച് ഉടൻ തന്നെ ആരംഭിക്കുന്നതാണ്. പങ്കെടു ക്കാൻ താത്പര്യമുള്ളവർ വെബ്സൈറ്റിലുള്ള വൈ.എ.റ്റി.പി. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് രൂപത ഓഫീസിൽ നൽകുക. കോഴ്സ് ഫീസ് 2000.

**നവവൈദികന് പ്രാർത്ഥനാശംസകൾ**

എസ്.എം.വൈ.എം. പാലാ രൂപതയുടെ റീജന്റ് ബ്രദർ ആയിരുന്ന നവവൈ ദികൻ ഫാ. മാത്യു (ടോണി) തെന്നാട്ടിലിന് പ്രാർത്ഥനാശംസകൾ.

**സംസ്ഥാന കലോത്സവം 'ഉത്സവ് 2021'**

കെ.സി.വൈ.എം. സംസ്ഥാന കലോത്സവം 'ഉത്സവ് 2021' ൽ പാലാ രൂപത യിലെ യുവജനങ്ങൾ പങ്കെടുക്കുകയും മികച്ച വിജയം നേടുകയും ചെയ്തു. പങ്കെടുത്ത ഏവരേയും അഭിനന്ദിക്കുന്നു. സമ്മാനാർഹരായവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രൂപ്പ് ഇനങ്ങൾ

മൈം - 2-ാം സമ്മാനം

തെരുവ് നാടകം - 2-ാം സമ്മാനം

ഷോർട്ട് ഫിലിം - 3-ാം സമ്മാനം

വ്യക്തിഗത ഇനങ്ങൾ

പോസ്റ്റർ രചന - ജിലു ജിജി (പൂവരണി) -1-ാം സമ്മാനം

മോണോ ആക്ട് - മിലൻ ബെന്നി (തുടങ്ങനാട്) - 1-ാം സമ്മാനം

ഫോട്ടോഗ്രാഫി - ആൽവിൻ സാലു (കാക്കൂർ) - 2-ാം സമ്മാനം

ആൻമരിയ ആന്റണി (വയല) -3-ാം സമ്മാനം

പ്രസംഗം - മാത്യൂസ് ഷാജി (പൂവരണി)-3-ാം സമ്മാനം

**കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ**

പാലാ രൂപത ഗുഡ് സമരിറ്റൻ കോവിഡ് ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ എസ്.എം.വൈ.എം. യുവാക്കൾ കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ നട ത്തിവരുന്നു. ഇതുവരെ 315 സംസ്കാരകർമ്മങ്ങൾ നടത്തി.

**ബ്ലഡ് ഡൊണേഷൻ**

ആവശ്യക്കാർ വിളിക്കുന്നതനുസരിച്ച് എസ്.എം.വൈ.എം. യുവാക്കൾ രക്തദാനം നടത്തി വരുന്നു.

**ഫാ. സിറിൽ തോമസ് തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. ഓൺലൈൻ പ്രോഗ്രാം – അരുണാപുരം ഇടവക**

പാരിഷ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അരുണാപുരം ഇടവകയിലെ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി ഓൺലൈൻ പ്രോഗ്രാം ജനുവരി 23 ന് നടത്തപ്പെട്ടു. ഡോ. സുദീപ് ക്ലാസുകൾ നയിച്ചു. സി. ആൻജോ സി.എം.സി, ജിബിൻ ജോസഫ്, ദീപ്തി ജയിംസ് എന്നിവർ നേതൃത്വം നൽകി.

**2. ഏകദിന പ്രോഗ്രാം – കുറുമണ്ണ്**

കുറുമണ്ണ് ഇടവകയിലെ സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്കായി ജനുവരി 2 ഞായറാഴ്ച ഏകദിന പ്രോഗ്രാം നടത്തപ്പെട്ടു. ഇടവക വികാരി ഫാ. അഗസ്റ്റിൽ പീടികമലയിലിന്റെ സാന്നിധ്യത്തിൽ ഫാ. കുര്യൻ മറ്റം, ശശി ഇമ്മാനുവൽ, സുനു ജോസഫ്, ആശിഷ് ജോസ് എന്നിവർ ക്ലാസുകൾ നയിച്ചു. ദീപ്തി ജെയിംസ് റിച്ചു ജോയി, ആൽബിൻ സണ്ണി, ബെല്ല സണ്ണി തുടങ്ങിയവർ നേതൃത്വം നൽകി.

**3. കൗൺസിൽ മീറ്റിംഗ്**

ജനുവരി 1 ന് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ജീസസ് യൂത്ത് കൗൺസിൽ മീറ്റിംഗ് നടന്നു. ഫാ. കുര്യൻ മറ്റം, സി. ലിസ് മരിയ സി.എം.സി, അമല ട്രീസ ജയിംസ്, ജോമോൻ ജോൺ എന്നിവർ നേതൃത്വം നൽകി.

**4. മ്യൂസിക് മിനിസ്ട്രി മീറ്റിംഗ്**

ജനുവരി 1 ന് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് മ്യൂസിക് മിനിസ്ട്രി ടീം മീറ്റിംഗ് നടന്നു. റിച്ചു ജോയി, ആൻ മെർവിൻ ജോസ്, ഷിബ്രിസ് കെ. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

**5. കൗൺസിൽ അവലോകനക്യാമ്പ്**

ജനുവരി 13, 14 ദിവസങ്ങളിൽ കൗൺസിൽ അംഗങ്ങൾ അതിരമ്പുഴ കാരിസ് ഭവനിൽ കൗൺസിൽ അവലോകന ക്യാമ്പ് നടത്തി. ഫാ. കുര്യൻ മറ്റം, സി. ലിസ് മരിയ സി.എം.സി., അഭിലാഷ് എം.കെ., അമല മരിയ, ക്ലിജോ കണിയാംപടി എന്നിവർ നേതൃത്വം നൽകി.

**6. 'കമ്മ്യൂണിയൻ' – സിസ്റ്റേഴ്സ് കൂട്ടായ്മ**

കൗൺസിലിന്റെ നേതൃത്വത്തിൽ സന്യസ്തർക്കായി ജനുവരി 23 ന് ഓൺലൈൻ കൂട്ടായ്മ നടന്നു. പാലായിൽനിന്ന് 10 സിസ്റ്റേഴ്സ് പങ്കെടുത്തു. മാർച്ച് 11–13 പാലാരിവട്ടം പി.ഒ.സി.യിൽ വച്ചു നടത്തപ്പെടുന്ന പ്രോഗ്രാമിനു മുന്നോടിയായിട്ടാണ് ഈ പ്രോഗ്രാം നടത്തപ്പെട്ടത്.

**7. കോർഡിനേറ്റേഴ്സ് മീറ്റിംഗ്**

കേരള ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ ജനുവരി 24 ന് ഓൺലൈനായി സംസ്ഥാനതലത്തിൽ കോർഡിനേറ്റേഴ്സ് സമ്മേളനം നടന്നു. അമല ട്രീസാ ജയിംസ് പങ്കെടുത്തു.

**8. മീഡിയാ സ്വാധീനവും യുവജനങ്ങളും – സെമിനാർ**

സോഷ്യൽ മീഡിയയും യുവജനങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഓൺലൈൻ സെമിനാർ ജനുവരി 30 ന് നടന്നു. ഫാ. പ്രിൻസ് ക്ലാരൻസ് എസ്. ജെ. സെമിനാറിനു നേതൃത്വം കൊടുത്തു. ഫാ. കുര്യൻ മറ്റം, അമല ട്രീസ, ജോമോൻ ജോൺ എന്നിവർ നേതൃത്വം കൊടുത്തു.

**8. മംഗള വാർത്താധ്യാനം**

ഗർഭിണികൾക്കും ഭർത്താക്കന്മാർക്കും കുഞ്ഞുങ്ങളെ കാത്തിരിക്കുന്ന ദമ്പതികൾക്കും വേണ്ടിയുള്ള മംഗളവാർത്താധ്യാനം ജനുവരി 27 മുതൽ ഫെബ്രുവരി 3 വരെ ഓൺലൈനായി നടന്നു. ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല എം.സി.ബി.എസ്., ഫാ. കുര്യൻ മറ്റം, ഫാ. ജോസഫ് മൈലപ്പറമ്പിൽ, ശശി ഇമ്മാനുവൽ, ഡോ. ഫിന്റോ വർഗീസ്, ഡോ. സി. ശാന്തി, ഡോ. സി. ലത, ജോസ് മാത്യു, ജോൺസൺ കണ്ടത്തിൽ, ഔതച്ചൻ എന്നിവർ ക്ലാസുകൾ നയിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. തോമസ് തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബക്കൂട്ടായ്മ

**1. രൂപത സമിതി യോഗം**

പുനഃസംഘടിപ്പിച്ച കുടുംബക്കൂട്ടായ്മ രൂപതാ സമിതിയുടെ ഈ വർഷത്തെ പ്രഥമയോഗം 6/01/2022 വ്യാഴാഴ്ച രാവിലെ 10.30 ന് ശാലോം പാസ്റ്ററൽ സെൻററിൽ വച്ച് നടത്തപ്പെട്ടു. ജപമാല പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ ബഹു. വിൻസൻറ് മൂങ്ങാമാക്കൽ അച്ചൻ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. ദനഹാ തിരുനാളിന്റെ ആശംസകൾ നേർന്നു സംസാരിച്ച ബഹുമാനപ്പെട്ട വിൻസെന്റച്ചൻ നമ്മളോരോരുത്തരും ഈശോയെ വെളിപ്പെടുത്തി കൊടുക്കുവാൻ വിളിക്കപ്പെട്ടവരാണെന്ന് ഓർമിപ്പിച്ചു.

കൂട്ടിയ്ക്കൽ ഫൊറോനാ ഒഴികെ മറ്റെല്ലാ ഫൊറോനാകളിലും പുനസംഘടന മീറ്റിംഗ് നടത്തി പുതിയ ഫൊറോനാ സമിതികൾ നിലവിൽ വന്ന വിവരം ബഹുമാനപ്പെട്ട ഡയറക്ടർ യോഗത്തെ അറിയിച്ചു. പുനസംഘടനാ യോഗങ്ങൾ വളരെ നല്ല രീതിയിൽ സംഘടിപ്പിച്ച് വിജയിപ്പിച്ച എല്ലാം ഫൊറോനാ ഭാരവാഹികളെയും അഭിനന്ദനം അറിയിച്ചു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഫൊറോനാ പ്രസിഡന്റുമാരെ യോഗത്തിന് പരിചയപ്പെടുത്തി. കോവിഡാനന്തര കൂട്ടായ്മ പ്രവർത്തനങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

**2. സിൽവർ ജൂബിലി**

1996 ൽ രൂപതയിൽ ആരംഭിച്ച കുടുംബക്കൂട്ടായ്മ പ്രവർത്തനങ്ങൾ 25 വർഷം പൂർത്തിയാക്കി. കോവിഡ് വ്യാപനം തീരുന്നത് അനുസരിച്ച് സിൽവർ ജൂബിലി സമുചിതമായി ആചരിക്കുവാൻ യോഗം തീരുമാനിച്ചു.

**3.മദ്യം മയക്കുമരുന്ന് - ബോധവൽക്കരണ ക്ലാസ്**

യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന മദ്യം, മയക്കുമരുന്ന് ഉപയോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് രൂപതാസമിതി അംഗങ്ങൾക്കും റിസോഴ്സ് ടീം അംഗങ്ങൾക്കുമായി പാലാ അഡാർട്ടിൽ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നതായി ബഹു. ഡയറക്ടർ അച്ചൻ അറിയിച്ചു. എല്ലാ ഇടവകകളിലും ഈ വിപത്തിനെ കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുവാൻ കുടുംബ കൂട്ടായ്മ റിസോഴ്സ് ടീമിന് പരിശീലനം കൊടുക്കുവാൻ തീരുമാനിച്ചു.

**4. നേതൃയോഗം**

രൂപതാ സമിതി അംഗങ്ങളുടെയും ഫൊറോനാസമിതി അംഗങ്ങളുടെയും സംയുക്തയോഗം ഫെബ്രുവരി മാസത്തിൽ നടത്തുവാൻ തീരുമാനിച്ചു.

**5. ഡയറക്ടറി**

കുടുംബ കൂട്ടായ്മ രൂപത / ഫൊറോന സമിതി അംഗങ്ങളുടെ വിവരങ്ങളടങ്ങിയ ഡയറക്ടറി തയ്യാറാക്കുവാൻ യോഗം തീരുമാനമെടുത്തു. ബഹുമാനപ്പെട്ട ഡയറക്ടർ അച്ചൻ സമാപന പ്രാർത്ഥന നടത്തി. ചായ സൽക്കാരത്തെ തുടർന്ന് 12 മണിയോടെ യോഗം അവസാനിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക ധ്യാനം

**1. സർട്ടിഫിക്കറ്റ്**

**ജനുവരി മാസത്തെ ഓൺലൈൻ** വിവാഹ ഒരുക്ക ധ്യാനത്തിൽ 178 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

2022 ഫെബ്രുവരി മാസത്തെ ഓൺലൈൻ ധ്യാനത്തിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് ധ്യാനം 2022 ഫെബ്രുവരി 28 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്. കോവിഡ് രോഗബാധ കൂടുന്ന സാഹചര്യത്തിൽ വിവാഹ ഒരുക്ക ധ്യാനം ഓൺലൈനായിട്ടാണ് നടത്തപ്പെടുന്നത്.

## B. സന്തുഷ്ടകുടുംബപദ്ധതി

2000 ആണ്ടിനുശേഷം വിവാഹിതരായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള 50 കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ട കുടുംബപദ്ധതിയിലൂടെ പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം ജനുവരി മാസത്തിലേത് 5-ാം തീയതി നൽകി.

## C. പിതൃവേദി

### 1. പുതിയ യൂണിറ്റ്

ജനുവരി 9 ന് കുന്നോന്നി ഇടവകയിൽ പിതൃവേദിയുടെ പുതിയ യൂണിറ്റ്, രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് കുറ്റിയാങ്കൽ ഉദ്ഘാടനം ചെയ്തു.

### 2. രൂപത സമിതി

ജനുവരി 14 വെള്ളിയാഴ്ച പിതൃവേദിയുടെ രൂപത എക്സിക്യൂട്ടീവ് ളാലം പഴയ പള്ളിയുടെ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. സമ്മേളനത്തിൽ പുതിയ ഭാരവാഹികളെ പരിചയപ്പെടുത്തി. പിതൃവേദിയുടെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് വിശകലനം ചെയ്യുകയും ചെയ്തു. ളാലം പഴയ പള്ളി വികാരി റവ. ഫാ. ജോൺസൺ പുള്ളീറ്റ് മുഖ്യസന്ദേശം നല്കി.

### 3. യൂണിറ്റ് സന്ദർശനം

ജനുവരി 18, 19, 21 തീയതികളിൽ രാമപുരം, മണ്ണാറപ്പാറ, അരുവിത്തുറ, തീക്കോയി, ഉള്ളനാട്, കവീക്കുന്ന്, അരുണാപുരം യൂണിറ്റുകളിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസ് കുറ്റിയാങ്കലും രൂപത സമിതി അംഗങ്ങളും സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## D. മാതൃവേദി

### 1. സുവർണ്ണജൂബിലി ഉദ്ഘാടനം

ജനുവരി 2 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പെരിങ്ങുളം യൂണിറ്റിന്റെ സുവർണ്ണജൂബിലി ഉദ്ഘാടനം പെരിങ്ങുളം വികാരി റവ. ഫാ. മാത്യു പാറത്തൊട്ടി, റവ. ഫാ. ആന്റണി വാഴാക്കാലയിൽ എന്നിവരുടെ സാന്നിധ്യത്തിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസ് കുറ്റിയാങ്കൽ നിർവഹിച്ചു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീമതി സിജി ലൂക്ക്സൺ, മോളിക്കുട്ടി എം.ഡി എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

### 2. രൂപത എക്സിക്യൂട്ടീവ്

ജനുവരി 7 വെള്ളിയാഴ്ച രാവിലെ 10.30 ന് രൂപത എക്സിക്യൂട്ടീവ് സമ്മേളിച്ച് പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്തു.

### 3. പുതിയ യൂണിറ്റ്

ജനുവരി 9 ന് കുന്നോന്നി ഇടവകയിൽ മാതൃവേദിയുടെ പുതിയ യൂണിറ്റ്, രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് കുറ്റിയാങ്കൽ ഉദ്ഘാടനം ചെയ്തു.

### 4. രൂപതസമിതി

ജനുവരി 14-ാം തീയതി തിങ്കാഴ്ച രാവിലെ 10 മണിക്ക് മാതൃവേദിയുടെ രൂപതാസമിതി സമ്മേളിച്ചു.

## E. പ്രോലൈഫ് സമിതി

### 1. മീറ്റിങ്

പ്രോലൈഫ് സമിതിയുടെ രൂപതാതലസമ്മേളനം ജനുവരി 9 ന് ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഓൺലൈനായി നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് ശ്രീ മാത്യു കുര്യാക്കോസ് ക്ലാസ്സ് നയിച്ചു.

### F. സീറോ മലബാർ പാലാ മാട്രിമണി

#### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തെരെഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ **7306915897, 9778199182, 04822 200065** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

#### 2. ഡയറക്ടേഴ്സ് മീറ്റിങ്

സീറോ മലബാർ മാട്രിമണിയുടെ വിവിധ രൂപതകളിലെ മാട്രിമണി ഡയറക്ടർമാരുടെ മീറ്റിങ്ങ് ജനുവരി 12-ാം തീയതി നടത്തപ്പെട്ടു. സൈറ്റിന്റെ നവീകരണത്തെക്കുറിച്ച് ചർച്ചകൾ നടത്തി.

### H. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി നവംബർ, ഡിസംബർ മാസങ്ങളിൽ **മൂലമറ്റം, ഉള്ളനാട്, മരങ്ങോലി** എന്നീ ഇടവകയിലെ പെൺകുട്ടികൾക്ക് വിവാഹ സഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

## കത്തോലിക്കാ കോൺഗ്രസ്

#### യൂത്ത് കൗൺസിൽ കുറവിലങ്ങാട് മേഖല സമ്മേളനം

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ യുവജനപ്രതിനിധി സംഗമം പടിഞ്ഞാറൻ മേഖല സമ്മേളനം കുറിവിലങ്ങാട് വച്ച് നടത്തി. ആർച്ച് പ്രീസ്റ്റ് വെരി റവ.ഡോ. അഗസ്റ്റ്യൻ കൂട്ടിയാനിക്കൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് ജോസഫ്, ആൻസമ്മ സാബു, ജീൻ മുട്ടപ്പള്ളിൽ, ജോബി കുപ്പന്തടം, തോമസ് അരുക്കുഴുപ്പിൽ, സെബാസ്റ്റ്യൻ മുതുകാട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു.

കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി, ഇലഞ്ഞി, കുറവിലങ്ങാട് ഫൊറോനകൾ ഉൾപെടുന്നതാണ് പടിഞ്ഞാറൻ മേഖല.

**നവവൈദികർക്ക് സ്വീകരണം**

പാലാ രൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് സ്വീകരണം നൽകി. രാമപുരം സെന്റ് അഗസ്റ്റിൻസ് പാരിഷ് ഹാളിൽ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ച യോഗത്തിൽ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ആൻസമ്മ സാബു, ജോസ് ജോസഫ് മലയിൽ, നിധീഷ് നിധീരി എന്നിവർ ആശംസകൾ അർപ്പിച്ചു. നവവൈദികർക്ക് സമ്മാനങ്ങളും നൽകി.

**പ്രളയദുരിതാശ്വാസം**

കൂത്താട്ടുകുളം യൂണിറ്റിന്റെ കൂട്ടിക്കൽ പ്രളയദുരിതാശ്വാസസഹായം ബേബി ആലുങ്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ റവ. ഫാ. സിറിയക് തടത്തിൽ രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരിക്കു കൈമാറി.

**പ്രളയ അതിജീവനം**

കൂട്ടിക്കൽ പ്രളയത്തിൽ വീടു നഷ്ടപ്പെട്ടതിൽ ആദ്യ വീടിന്റെ പുനരുദ്ധാരണം അവസാനഘട്ടത്തിലാണ്. കത്തോലിക്ക കോൺഗ്രസിന്റെ യൂണിറ്റുകളുടെയും അംഗങ്ങളുടെയും ഗ്ലോബൽ സമിതിയുടെയും സഹായത്താലാണ് പണികൾ പൂർത്തിയാക്കാൻ സാധിച്ചത്. എല്ലാവർക്കും നന്ദി അർപ്പിക്കുന്നു.

**ആദരാഞ്ജലികൾ**

ഫാത്തിമാപുരം യൂണിറ്റ് പ്രസിഡന്റായിരുന്ന കെ.ജെ. വർക്കിയുടെ നിര്യാണത്തിൽ രൂപത യൂണിറ്റുകളുടെ ആദരാഞ്ജലികൾ അർപ്പിച്ചു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. കാർഷിക നഴ്സറി പരിശീലനം പാലായിൽ**

നബാർഡിന്റെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ കാർഷിക നഴ്സറി പരിശീലനം ആരംഭിച്ചു. 15 ദിവസം നീണ്ടുനില്ക്കുന്ന പരിശീലന പരിപാടി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന സമ്മേളനത്തിൽ വച്ച് നബാർഡ് ജില്ലാ മാനേജർ റെജി വർഗീസ് നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അധ്യക്ഷത വഹിച്ചു. ബഡ്ഡിംഗ്, ലെയറിങ്ങ്, ഗ്രാഫിംഗ്, പോളി ഹൗസ്, മഴമറ, മിസ്റ്റ് ഹൗസ്, വളപ്രയോഗം, പോട്ടിംഗ് മിശ്രിതം തയ്യാറാക്കൽ, തൈകൾ ഉല്പാദനം, ഇറിഗേഷൻ രീതികൾ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനങ്ങൾ നല്കും. കൂടാതെ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വച്ച് 4 ദിവസം പ്രായോഗികപരിശീലനങ്ങളും പങ്കെടുക്കുന്നവർക്കു നൽകും. 30 പേർ പരിശീലനത്തിൽ പങ്കെടുക്കുന്നു.

**2. കൂട്ടിക്കൽ ഫൊറോനയിൽ 8 വീടുകളുടെ നിർമാണം ആരംഭിച്ചു.**

കൂട്ടിക്കൽ ദുരന്തത്തിൽ പാലാ രൂപത നടപ്പിലാക്കി വരുന്ന കൂട്ടിക്കൽ മിഷന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നിർമിക്കുന്ന 8 വീടുകളുടെ ശിലാസ്ഥാപനം പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. ഫാ. ജോസഫ് മണ്ണനാൽ, ഫാ. തോമസ് കിഴക്കേൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. സിറിൽ തയ്യിൽ, ഫാ. മാത്യു വാഴചാരിക്കൽ, ഫാ. തോമസ് മണലേൽ, ഫാ. പോൾ പാറപ്ലാക്കൽ തുടങ്ങിയവർ പരിപാടിക്കു നേതൃത്വം നൽകി. കൂട്ടിക്കൽ ദുരിതത്തിൽ കേടുപാടുകൾ വന്ന 55 വീടുകളുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കി. വിവിധ ഇടവക സമൂഹങ്ങൾ, കാരിത്താസ് ഇന്ത്യ, കമില്യൻ സഭ, ഓസാർഡ് കട്ടപ്പന, വിവിധ സന്ന്യാസസമൂഹങ്ങൾ, രൂപതയിലെ വിവിധ ഭക്തസംഘടനകൾ തുടങ്ങിയവർ കൂട്ടിക്കൽ മിഷൻ പ്രവർത്തനങ്ങൾക്കു സഹായസഹകരണങ്ങൾ നൽകിവരുന്നു.

**3. കൂട്ടിക്കൽ മിഷൻ – വിവാഹധനസഹായപദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രളയദുരിതം പെയ്തിറങ്ങിയ കൂട്ടിക്കൽ, പൂഞ്ഞാർ ഫൊറോനകളിലെ 10 നിർദ്ധനരായ പെൺകുട്ടികൾക്ക് വിവാഹധനസഹായമായി 50,000 വീതം പ്രവാസി മലയാളികളുടെ സഹകരണത്തോടെ നടപ്പാക്കുന്നു. പാലാ രൂപതാമെത്രാൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് 2022 ഫെബ്രുവരി 17 വൈകുന്നേരം 4 മണിക്ക് കൂട്ടിക്കൽ ഫൊറോന പള്ളിയിൽ വച്ചു നടത്തുന്നു.

**4. കുടുംബോദ്ധാരണപദ്ധതി – 282 കുടുംബങ്ങൾക്ക് 53 ലക്ഷം രൂപയുടെ ധനസഹായം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സേവ് എ ഫാമിലി പ്ലാനിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന കുടുംബോദ്ധാരണപദ്ധതിപ്രകാരം രൂപതയിലെ 285 കുടുംബങ്ങൾക്കായി 53 ലക്ഷം രൂപായുടെ ധനസഹായവിതരണം പി.എസ്.ഡബ്ല്യു.എസ്. ഓഫീസിൽ ആരംഭിച്ചു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വിതരണം പൂർത്തിയാകും. പദ്ധതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്കു ജീവിതനിലവാരം ഉയർത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ധനസഹായം നൽകുക. ഈ വർഷം പുതിയതായി 25 കുടുംബങ്ങൾക്കുകൂടി അംഗത്വം ലഭിക്കും.

**5. ന്യൂനപക്ഷ വികസനകോർപ്പറേഷനിൽനിന്നും വായ്പകൾ**

പി.എസ്.ഡബ്ല്യു.എസ്. ന്റെ സ്വയംസഹായസംഘങ്ങൾ, കർഷകദളങ്ങൾ എന്നിവയ്ക്കു കുറഞ്ഞ പലിശനിരക്കിൽ നവസംരംഭങ്ങൾ തുടങ്ങുവാൻ 3 ലക്ഷം രൂപാവരെ വായ്പകൾ അനുവദിക്കും. മൂന്നു വർഷമാണ് തിരിച്ചടവ് കാലയളവ്.

**6. അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റ്**

പാലാ സെന്റ് തോമസ് പ്രസ്സിനു സമീപമുള്ള അഗ്രിമാ കർഷക ഓപ്പൺ മാർക്കറ്റിൽ പച്ചക്കറിത്തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള വിത്തുകൾ, വളങ്ങൾ, പോട്ടിംഗ് മിശ്രിതം തയ്യാറാക്കുന്നതിനുള്ള വസ്തുക്കൾ എന്നിവ എത്തിച്ചേർന്നു.

**7. മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്തു.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി വിവിധയിനം മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്തു.

**8. പി.എസ്.ഡബ്ല്യു.എസ് ന് പുതിയ കർഷക ഉത്പാദക കമ്പനി**

കേരള സർക്കാർ കോട്ടയം ജില്ലയിൽ അനുവദിക്കുന്ന നാല് കർഷക ഉത്പാദക കമ്പനികളിൽ ഒന്ന് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി അനുവദിക്കപ്പെട്ടു. പാലാ സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി എന്ന പേരിൽ ഇന്ത്യൻ കമ്പനീസ് ആക്ട് അനുസരിച്ച് കോട്ടയം ജില്ലയിൽ ആദ്യമായി രജിസ്റ്റർ ചെയ്യപ്പെട്ടതും നമ്മുടെ കമ്പനിയാണ്.

**9. ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾക്കു തുടക്കമായി**

രാജ്യവ്യാപകമായി ഗ്രാമീണവീടുകളിൽ ശുദ്ധമായി കുടിവെള്ളം പൈപ്പ് കണക്ഷനിലൂടെ ഉറപ്പുവരുത്തുന്ന ജൽജീവൻ മിഷൻ പദ്ധതിക്ക് വിവിധ ഗ്രാമപഞ്ചായത്തുകളിൽ തുടക്കമായി. കോട്ടയം ജില്ലയിലെ അകലക്കുന്നം, കൊഴുവനാൽ, മുത്തോലി, കരൂർ, കടനാട്, ഭരണങ്ങാനം, മീനച്ചിൽ, തിടനാട്, മൂന്നിലവ്, തലപ്പലം, കടുത്തുരുത്തി തുടങ്ങി പതിനൊന്നു ഗ്രാമപഞ്ചായത്തുകളിൽ ജൽജീവൻമിഷൻ പദ്ധതിയുടെ നിർവഹണസഹായ ഏജൻസിയായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ, സെക്രട്ടറി ഉൾപ്പെടെയുള്ള സ്റ്റാഫംഗങ്ങൾ എന്നിവർക്കായി പ്രാഥമിക ബോധവത്ക്കരണ സെമിനാറുകളും ഗ്രാമപഞ്ചായത്തധികൃതർ, രാഷ്ട്രീയ, സാമൂഹ്യ സന്നദ്ധ സംഘടനാ ഭാരവാഹികൾ, കുടുംബശ്രീ, സ്വാശ്രയപദ്ധതി പ്രതിനിധികൾ ജലനിധി ഉൾപ്പെടെയുള്ള കുടിവെള്ളപദ്ധതി ഭാരവാഹികൾ തുടങ്ങിയവർക്കായി സ്പെഷ്യൽ ഓറിയന്റേഷൻ ശില്പശാലകളും പാലാ സോഷ്യൽവെൽഫെയർ സൊസൈറ്റി സംഘടിപ്പിച്ചു.

സർക്കാർ നിർദ്ദേശിച്ച ത്രികക്ഷി കരാർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒപ്പുവയ്ക്കുകയും പ്രാരംഭകാല പ്രവർത്തനറിപ്പോർട്ട് തയ്യാറാക്കി ഗ്രാമപഞ്ചായത്തിനും ജില്ലാ ജലശുചിത്വമിഷനും സമർപ്പിക്കുകയും ചെയ്തു. ജൽജീവൻ മിഷൻ പദ്ധതിയുടെ സവിശേഷതകൾ പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി സംസ്ഥാന ജലശുചിത്വമിഷൻ നിർദ്ദേശിച്ചിരിക്കുന്ന വിവര, വിദ്യാഭ്യാസ, വിജ്ഞാനവിനിമയ ഐ.ഇ.സി. പരിപാടിയുടെ ഭാഗമായി എല്ലാ പഞ്ചായത്തു വാർഡുകളിലും 'ജലസഭ' കൾ സംഘടിപ്പിച്ചു.

കോട്ടയം ജില്ലയിലെ 71 ൽ 11 ഗ്രാമപഞ്ചായത്തുകളിൽ നിർവഹണസഹായ ഏജൻസിയായ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയാണ് ജില്ലയിൽ ഏറ്റവും കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ നിർവഹണസഹായ ഏജൻസിയായി പ്രവർത്തിക്കുന്ന സംഘടന. സംസ്ഥാന തലത്തിൽ ആദ്യമായി മീനച്ചിൽ പഞ്ചായത്തിൽ ത്രികക്ഷികരാർ ഒപ്പിട്ടതും സ്പെഷ്യൽ ഗ്രാമസഭയുടെ സംസ്ഥാ

നതല ഉദ്ഘാടനം അകലകുന്നം പഞ്ചായത്തിൽ സംഘടിപ്പിച്ചതും പി.എസ്.ഡബ്ല്യു.എസ്. ആണ്.

കോട്ടയം ജില്ലയിൽ പി.എസ്.ഡബ്ല്യു.എസ്. പോലെ കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി, ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി, കേരള വോളണ്ടിയർ ഹെൽത്ത് സർവീസസ്, അർച്ചന വിമൻസ് സെന്റർ തുടങ്ങി 15 സംഘടനകളാണ് ഇംപ്ലിമെന്റിംഗ് സപ്പോർട്ട് എജൻസി ഐ.എസ്.എ. യായി പ്രവർത്തിക്കുന്നത്. ഐ.എസ്.എ കളുടെ കൂട്ടായ്മയായ ഐ.എസ്.എ പ്ലാറ്റ്ഫോമിന്റെ ജില്ലാ ചെയർമാനായി പി.എസ്.ഡബ്ല്യു.എസ്. പ്രോജക്ട് മാനേജർ ഡാന്റീസ് കൂനാനിക്കൽ തിരഞ്ഞെടുക്കപ്പെട്ടു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

**ഫാ. ജോസഫ് താഴത്തുവരിക്കയിൽ** (അസി. ഡയറക്ടർ)

# കെയർ ഹോംസ്

പാലാ രൂപതയുടെ പരിധിയിലുള്ള എല്ലാ കെയർ ഹോംസ് സ്ഥാപനങ്ങളുടെയും റിപ്പോർട്ടും സ്ഥാപന ചരിത്രവും ശേഖരിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. അപകട ഇൻഷ്വറൻസ് പോളിസി ആരംഭിച്ചു**

വർഷം 300 രൂപ അടച്ച് വ്യക്തിഗത അപകട ഇൻഷ്വറൻസ് പോളിസി കെ. എൽ. എം ആരംഭിച്ചു.

**2. അസംഘടിത തൊഴിലാളികൾക്ക് ഇ-ശ്രം കാർഡ് (E -Shram card ) ഓൺലൈൻ രജിസ്ട്രേഷൻ തുടരുന്നു.**

രാജ്യത്തെ അസംഘടിത തൊഴിലാളികളുടെ വിവര ശേഖരണം നടത്തുക എന്ന ലക്ഷ്യത്തോടെ ഇ-ശ്രം രജിസ്ട്രേഷൻ https://register.eshram.gov.in/ എന്ന വെബ്സൈറ്റ് വഴി ആരംഭിച്ചു.

**ഇ-ശ്രം രജിസ്ട്രേഷന്റെ നേട്ടങ്ങൾ**

1. അസംഘടിത തൊഴിലാളി തിരിച്ചറിയൽ കാർഡ് ലഭിക്കുന്നു.
2. രണ്ട് ലക്ഷം രൂപയുടെ അപകട മരണ ഇൻഷുറൻസ് ആനുകൂല്യം.
3. ഭാവിയിലെ എല്ലാ ആനുകൂല്യങ്ങൾക്കും തിരിച്ചറിയൽ രേഖയായി ഇ-ശ്രം കാർഡ് ഉപയോഗിക്കാം.

**3. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദ വിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. **Mob: 8304981275 (O), 9400661492 (P)**

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് സംസ്ഥാന മത്സരത്തിൽ പിറവം ഇടവകയിൽനിന്നുള്ള ആൻമരിയ വിജു മലേപ്പിള്ളിയും ഭരണങ്ങാനം ഇടവകാംഗം ബാബുപോൾ പെരിയപ്പുറവും നാലാം സ്ഥാനം നേടി. രണ്ടുപേർക്കും അഭിനന്ദനങ്ങൾ.

**രൂപതാതല വിജയികൾ**

| വിഭാഗം | സ്ഥാനം | പേര് | വീട്ടുപേര് | ഇടവക |
|---|---|---|---|---|
| എ | 1 | എയ്ഡൻ ജോസഫ് | തിലപ്പന | വാലാച്ചിറ |
| | 2 | ദിയാനി ജോസഫ് | ഇടിയോടിയിൽ | മരങ്ങാട്ടുപിള്ളി |
| | 3 | ജോർജി സന്തോഷ് | പോർക്കാട്ടേൽ | തിരുമാറാടി |
| ബി | 1 | ആൻമരിയ വിജു | മലേപ്പിള്ളിൽ | പിറവം |
| | 2 | ലിസ് മരിയ തോമസ് | പൈക്കാട്ട് | അരുവിത്തുറ |
| | 3 | മരിയ ഫിലിപ്പ് | ഇരുവേലിക്കുന്നേൽ | മേരിലാന്റ് |
| സി | 1 | ഡോണാ മൈക്കിൾ | ഔസേപ്പറമ്പിൽ | ഉള്ളനാട് |
| | 2 | അമല മരിയ ബിനോയി | വലിയവീട്ടിൽ | അരുവിത്തുറ |
| | 3 | അബ്ജോ അബ്രാഹം | ഇല്ലിക്കൽ | തിരുമാറാടി |
| ഡി | 1 | സി. ഫിലോ ഫ്രാൻസിസ് | ASMI | മാൻവെട്ടം |
| | 2 | മിനി അഗസ്റ്റിൻ | താളുങ്കൽ | ഇടാട് |
| | 3 | സോണി അലക്സ് | മഞ്ഞക്കുന്നേൽ | അറക്കുളം ന്യൂ |
| ഇ | 1 | ബാബു പോൾ | പെരിയപ്പുറം | ഭരണങ്ങാനം |
| | 2 | ബിന്നി | പാലയ്ക്കൽ | കാഞ്ഞിരമറ്റം |
| | 3 | ഗ്രേസി പോൾ | പുതുമന | മുത്തോലപുരം |
| എഫ് | 1 | മേരി പോൾ | പൂവത്തുങ്കൽ | മുത്തോലപുരം |
| | 2 | ഏലിയാമ്മ തോമസ് | മൂന്നുതൊട്ടിയിൽ | ഫാത്തിമാപുരം |
| | 3 | എത്സമ്മ | വെള്ളരിങ്ങാട്ട് | ജിയോവാലി |

വിജയികൾക്ക് അഭിനന്ദനങ്ങൾ. സമ്മാനങ്ങൾ വിതരണം ചെയ്യുന്ന തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

**ലോഗോസ് ക്വിസ് പഠനസഹായി 2022**

2022 അടുത്തവർഷത്തേയ്ക്കുള്ള ലോഗോസ് ക്വിസ് മത്സരത്തിന്റെ പഠനസഹായി തയ്യാറായിവരുന്നു.

പഠനഭാഗം - 1. മർക്കോസ് 9-16
2. ജോഷ്വാ 1-12
3. പ്രഭാഷകൻ 23-26
4. 1 കോറി 9-16

എന്നീ ഭാഗങ്ങളും മാതൃകാചോദ്യങ്ങളും അടങ്ങിയതാണ് പഠനസഹായി. ഒൻപതുവർഷക്കാലം കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും സെക്രട്ടറിയായിരുന്ന റവ.ഫാ. സൈറസ് വേലംപറമ്പിലും രണ്ടുവർഷം വീതം ലോഗോസ് പ്രതിഭകളായിരുന്ന ബീനാ പുളിക്കക്കുന്നേൽ, സി. ബെറ്റി എൽ.എ.ആർ. എന്നിവരും ചേർന്നു തയ്യാറാക്കിയതാണ് പഠന സഹായി.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

## 1. L.S.S (Life in Sprit Seminar)

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള നവമായ അഭിഷേക അനുഭവമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മൊഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S.

നമ്മുടെ രൂപത സോണിൽനിന്നും IVth ബാച്ചിൽ 150 പേർ ഈ ശുശ്രൂഷയിൽ പങ്കെടുത്ത് ശുശ്രൂഷകൾ പൂർത്തിയാക്കി. ഇവർക്കുള്ള തുടർപരിശീലനം 10 സബ് സോണുകൾ കേന്ദ്രീകരിച്ച് ആരംഭിച്ചുകഴിഞ്ഞു.

ഫൊറോനകൾ കേന്ദ്രീകരിച്ച് ഫിസിക്കലായി നടത്തുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും കോവിഡ് 19 അതിവ്യാപനംമൂലം ഇപ്പോൾ ഓൺലൈൻ കൂട്ടായ്മകൾ ആരംഭിച്ചു.

കേരളത്തിലെ 24 കരിസ്മാറ്റിക് സോണുകളിൽ മുൻപന്തിയിൽ എത്തുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു.

ഏഴ് ആഴ്ചത്തെ ധ്യാനം / ധ്യാന പരിശീലനം ആഴ്ചയിൽ രണ്ടു ദിവസം രണ്ടു മണിക്കൂർ വീതം നടത്തുന്നു. കൂടാതെ എല്ലാദിവസവും സൗകര്യപ്രദമായ സമയത്ത് അരമണിക്കൂർ സമയവും നടത്തുന്നു. സൗകര്യപ്രദമായ സ്ഥലത്തിരുന്ന് zoom ൽ ഓൺലൈനായി നടത്തുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

ആത്മാവിലുള്ള ജീവിതത്തിൽ എല്ലാവരും ഒരു ഹൃദയവും ഒരു ആത്മാവുമായി ഒരുക്കുവാനുള്ള ഏഴാഴ്ച ശുശ്രൂഷകൾ. പ്രാർത്ഥിച്ചു ഉണരാൻ – വചനം പഠിച്ചു വളരാൻ – പ്രഘോഷിച്ചുയരാൻ – സ്വജീവിതം കൊണ്ട് യേശുവിനെ സാക്ഷ്യപ്പെടുത്താൻ ഓരോരുത്തരെയും സഹായിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്ക് നയിക്കാൻ ഈ പ്രോഗ്രാം എല്ലാവരെയും സഹായിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ, യുവജനങ്ങൾ,

ഇടവക പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സമഗ്രമായ ആത്മീയ വളർച്ച ഇതിലൂടെ സാധ്യമാകുന്നു.

**2. YU4C (യൂത്ത് യുണൈറ്റഡ് 4 ക്രൈസ്റ്റ്)**

'യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന ഫ്രാൻസിസ് മാർ പാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണ രംഗത്ത് ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് YU4C. ആയിരം പേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവയ്ക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക, മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCSCയുടെ YU4C ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 70 പേർ പങ്കെടുക്കുന്നു ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**3. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവന സമിതി അംഗങ്ങളുടെ മീറ്റിംഗ് 2 പ്രാവശ്യം ഓൺലൈനായി നടത്തി. എല്ലാ ശനിയാഴ്ചകളിലും രാവിലെ 11 മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 3 മണി മുതൽ നാലുമണി വരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർഥനാശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. എല്ലാ ഞായറാഴ്ചകളിലും 2 മണി മുതൽ 2.30 വരെ രൂപതാ കരിസ്മാറ്റിക് ശുശ്രൂഷകൾക്ക് ആമുഖമായി കുട്ടികൾ നന്ദി സ്തുതി ആരാധന നടത്തുന്നു. കുട്ടികളോടൊപ്പം മാതാപിതാക്കളും നന്ദി സ്തുതി ആരാധനയിൽ പങ്കെടുക്കുന്നു. അമ്മമാർക്ക് ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റേശ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ആനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിജ ജോജറ്റ് എന്നിവർ നേതൃത്വം നൽകി.

**4. പ്രാർത്ഥനാ കൂട്ടായ്മകൾ**

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സഹ്യചര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തികൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 1.30 മുതൽ 4.30 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥന ശുശ്രുഷകൾ നടത്തുന്നു. ജനുവരി 2, 9, 23 തീയതികളിൽ വിശുദ്ധ കുർബാനയെ സംബന്ധിച്ച് ക്ലാസുകൾ ശ്രീമതി സിലി തോമസ് ചേറാടിയിൽ MA. RSc. യും,

16 തീയതി സി. ജസ്റ്റിന MSMI യും, 30-ാം തീയതി ലാലു PS പാലാ എന്നിവർ വചനം പങ്കുവയ്ക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തു. രൂപത സോണൽ സേവനസമിതി ഇതിനു നേതൃത്വം നൽകുന്നു.

**5) കത്തീഡ്രലിൽ വെള്ളിയാഴ്ച്ച ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളി യാഴ്ചകളിലും രാവിലെ 9 30 മുതൽ 1 മണിവരെ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, വിശുദ്ധ കുർബാന, ജപമാല, സ്തുതി ആരാധന എന്നി ശുശ്രൂഷ കൾ നടത്തുന്നു. ശ്രീ മാത്യുകുട്ടി താന്നിക്കൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**6) മദ്ധ്യസ്ഥപ്രാർത്ഥന**

നമ്മുടെ രൂപതയിലെ LSS അംഗങ്ങളുടെ പങ്കാളിത്തത്തോടെ തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണിവരെ മധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകൾ നടത്തിവരുന്നു. LSS ലീഡേഴ്സ് ടീം അംഗം സോളി മനോജ് ഇതിന് നേതൃത്വം കൊടുക്കുന്നു. ജപമാല, കരുണ കൊന്ത, അനുദിനവചനം, വിചിന്തനം എന്നീ ശുശ്രൂഷകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**7) കുരിശിന്റെ വഴി പ്രാർത്ഥനാ ശുശ്രൂഷകൾ**

എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 10 മണി വരെ LSS അംഗങ്ങൾ ഓൺലൈനിൽ ഒന്നുചേർന്നു ലോകം മുഴുവനെയും സമർപ്പിച്ചു കൊണ്ട് വിൻസെന്റ് മൂങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ കുരിശിന്റെ വഴി പ്രാർത്ഥനകൾ നടത്തുന്നു. കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളിൽ, സിസ്റ്റേഴ്സ് സന്ദേശം നൽകി പ്രാർത്ഥിക്കുന്നു.

**8) ഭവന വെഞ്ചെരിപ്പ്**

കരിസ്മാറ്റിക് സോണൽ സർവീസ് ടീം ട്രഷറർ ശ്രീ ജോർജ്ജുകുട്ടി ഞാവള്ളിയിൽ സംഭാവന നൽകിയ സ്ഥലത്ത് നിർമ്മാണം പൂർത്തിയായ വീടിന്റെ വെഞ്ചെരിപ്പ് കർമ്മം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. ഭവന നിർമ്മാണത്തിൽ കരിസ്മാറ്റിക് ശുശ്രൂഷകരും ഇവാഞ്ച ലൈസെക്ഷൻ മിനിസ്ട്രിയും സാമ്പത്തിക സഹായം നൽകുകയുണ്ടായി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

## ജീസസ് ഫ്രട്ടേണിറ്റി

**1.** 24-01-2022 ൽ ജീസസ് ഫ്രട്ടേണിറ്റി പാലാ രൂപത സ്പോൺസർ ചെയ്ത് പാലാ സബ് ജയിലിൽ പുതിയതായി നിർമിച്ച ജയിൽ ലൈബ്രറി പൊതു ഉപയോഗത്തിനുവേണ്ടി ജയിൽ HQ. DIG. ശ്രീ. സന്തോഷ് സർ തുറന്നു നൽകി. ജയിൽ സൂപ്രണ്ട് ഷാജി സാറും മറ്റ് പോലീസ് മേലധികാരികളും സന്നിഹിതരാ യിരുന്നു.

**ഫാ. വിൻസെന്റ് മുങ്ങാമാക്കൽ** (ഡയറക്ടർ)
**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി.ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** കോവിഡ് നിയന്ത്രണങ്ങൾക്ക് ഇളവു വന്നിരിക്കുന്ന സാഹചര്യത്തിൽ, ദൈവജനത്തിന് വന്നു സംബന്ധിക്കത്തക്കവിധം രണ്ടാം ശനിയാഴ്ചകൾതോറും ഏകദിന ദൈവരാജ്യാനുഭവധ്യാനം ആരംഭിക്കുകയുണ്ടായി. രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, 10 മണി മുതൽ അനുതാപശുശ്രൂഷ, നിയോഗ സമർപ്പണശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക - കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 2 മണിക്ക് പൂർത്തിയാകുന്ന ധ്യാനം ജനുവരി 8 ന് നടത്തുകയുണ്ടായി. ധ്യാനം മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ ലൈവായും ലഭ്യമാണ്.

**2.** കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗിക പരിജ്ഞാനത്തോടെ പങ്കുവച്ചു കൊണ്ട് 1577 ൽ എഴുതിയ ആഭ്യന്തരഹർമ്മ്യം എന്ന സാർവ്വത്രികവും സാർവ്വ കാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണംചെയ്യ പ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കുമായി ലളിതമായി അവതരിപ്പിക്കുന്ന ഒരു പ്രബോധന പരമ്പര, 15 മിനിറ്റ് വീതമുള്ള സെഷനുകളായി, നവംബർ 1 മുതൽ മൗണ്ട് നെബോ യൂട്യൂബ് ചാനലിലൂടെ ആഭ്യന്തരഹർമ്മ്യ ആത്മീയത എന്ന പേരിൽ നൽകിക്കൊ ണ്ടിരിക്കുന്നു.

**3.** കോവിഡ്-19 ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ നൽകിയിരുന്ന, ദൈവശക്തി വ്യാപരിക്കുന്നു എന്ന ഓൺലൈൻ ധ്യാനത്തിൽനിന്നും തിരഞ്ഞെ ടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

**4.** മൗണ്ട് നെബോയുടെ ആവശ്യങ്ങൾക്കായി പണിയുന്ന മൗണ്ട് നെബോ ആബാഭവനത്തിന്റ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**5.** ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പുസ്തകം 33: മരണസമയ പോരാട്ടം - അവിശ്വാസത്തിന്റെ നരകക്കെണി; പുസ്തകം 34: മരണസമയ പോരാട്ടം - കുറ്റബോധത്തിന്റെ നരകക്കെണി! പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ **9947114491** എന്ന നമ്പരിൽ ബന്ധപ്പെടുക.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. സ്റ്റേറ്റ് മീറ്റിംഗ്**

ഡിഎഫ്സി സ്റ്റേറ്റ് മീറ്റിംഗ് രൂപതാധ്യക്ഷന്മാരുടെ പങ്കാളിത്തത്തോടെ നടത്തി

**2. പാലാ വിഷൻ ലൈവ്**

പാലാ വിഷനിലേക്ക് വാർത്തകൾ/പരസ്യങ്ങൾ കൊടുക്കുന്നതിനായി മെസ്സേജുകൾ ഫോണിൽ ടൈപ്പ് ചെയ്ത് ഫോട്ടോ ഉൾപ്പെടെ ഈ നമ്പറിലേക്ക് വാട്ടസ്ആപ് വഴി അയയ്ക്കുക : **9605661249, 9400661492**

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)






## സി. ആൻസി ചെട്ടിപ്പറമ്പിൽ SMC

കോതമംഗലം രൂപത നെയ്ശ്ശേരി ഇടവക പരേതരായ ചെട്ടിപ്പറമ്പിൽ വർക്കി ഔസേപ്പ് - ഏലി ദമ്പതികളുടെ മകളായി 1941 ഒക്ടോബർ 19-ന് അച്ചാമ്മ എന്നു വിളിച്ചിരുന്ന സി. ആൻസി ജനിച്ചു.

1971-ൽ മൂലമറ്റത്ത് സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് കോൺഗ്രിഗേഷനിലെ ആദ്യബാച്ചിൽ അംഗമായി ചേർന്ന അച്ചാമ്മ പരിശീലനകാലഘട്ടത്തിലെ പ്രാർത്ഥനയ്ക്കും പരിചിന്തനത്തിനുംശേഷം 1974 മെയ് 22-ന് ആദ്യവ്രതവാഗ്ദാനത്തിലൂടെ സന്യാസസമൂഹത്തിലെ അംഗമായി തീരുകയും സി. ആൻസി എന്ന പേര് സ്വീകരിക്കുകയും ചെയ്തു. 1981 മെയ് 4 ന് നിത്യവ്രതവാഗ്ദാനം നടത്തി.

തയ്യൽ മേഖലയിൽ പ്രാവീണ്യം തെളിയിച്ച സിസ്റ്റർ, മൂലമറ്റം, മുരിക്കാശ്ശേരി, അമനകര, ശാന്തിഗ്രാം, പാലാ, ശല്ല്യാംപാറ, കട്ടപ്പന, പാലാക്കാട്, കുടയത്തൂർ, എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. പല ഭവനങ്ങളിലും സുപ്പീരിയറായും ശുശ്രൂഷ ചെയ്തു. ആയിരുന്ന സ്ഥലങ്ങളിലെല്ലാം കൃഷിക്കാര്യങ്ങളും തന്നെ ഏല്പിച്ചിരുന്ന എല്ലാ ജോലികളും ഈശോയെ കൂട്ടുപിടിച്ച് ആത്മാർത്ഥതയോടെ ചെയ്തുകൊണ്ടു വിജയത്തിലെത്തിക്കാൻ ആൻസിയമ്മ ശ്രദ്ധിച്ചിരുന്നു. സന്ന്യാസിനി സമൂഹത്തെ വളരെയധികം സ്നേഹിച്ചിരുന്ന ആൻസിയമ്മ മണിക്കൂറുകളോളം ദിവ്യകാരുണ്യസന്നിധിയിൽ ചെലവഴിച്ച് സമൂഹത്തിനുവേണ്ടി പ്രാർത്ഥിച്ചിരുന്നു.

രോഗിയായി വിശ്രമിക്കുമ്പോഴും സിസ്റ്റർ ആൻസി കൂദാശാനുഷ്ഠാനങ്ങളിലും എല്ലാദിവസവും വി. കുർബ്ബാനയിൽ പങ്കെടുക്കുന്നതിലും വളരെ നിഷ്ഠയുള്ളവളായിരുന്നു. അധികാരികളോട് ബഹുമാനം കാട്ടുന്നതിലും വചനം വായിക്കുന്നതിലും ധാരാളം ജപമാലകൾ ചൊല്ലുന്നതിലും വളരെ തീക്ഷ്ണത കാണിച്ചിരുന്നു.

2017 മുതൽ കുമാരനല്ലൂർ സെന്റ് മർത്താസ് ഭവനത്തിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു സിസ്റ്റർ ആൻസി 2022 ജനുവരി ഏഴിന് നിത്യവസതി യിലേക്ക് യാത്രയായി.

സിസ്റ്റർ ആൻസിയുടെ ഭൗതികദേഹം അനേകർ സെന്റ് മർത്താസിന്റെ അമനകര ഭവനത്തിലെത്തിക്കുകയും മൃതസംസ്കാരശുശ്രൂഷകൾ 2022 ജനുവരി എട്ടിന് രാവിലെ ഒൻപത് മണിക്ക് കോൺവെന്റ് ചാപ്പലിൽ വി. കുർബ്ബാന യോടുകൂടി ആരംഭിക്കുകയും ചെയ്തു. അമനകര സിഎംഐ ആശ്രമത്തിലെ പ്രിയോർ ബഹു മാത്യു തയ്യിൽ സി.എം.ഐ വി. കുർബ്ബാനക്കും ശുശ്രൂഷകൾക്കും കാർമ്മികത്വം വഹിച്ചു. തുടർന്ന് രാമപുരം സെന്റ് അഗസ്റ്റ്യൻസ് ഫൊറോന പള്ളി സഹവികാരി ബഹു. ജോർജ്ജ് ഈറ്റയ്ക്കക്കുന്നേൽ കാർമ്മികത്വം വഹിച്ച ശുശ്രൂഷകൾക്ക് ശേഷം രാമപുരം സെന്റ് അഗസ്റ്റ്യൻസ് ഫൊറോന ദൈവാലയ സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.



## സി. ബർട്ടീല വടാനമല SMC

പാലാ രൂപത കടപ്ലാമറ്റം ഇടവക വടാനമല പരേതരായ തോമസ് - റോസ ദമ്പതികളുടെ അഞ്ചു മക്കളിൽ മൂന്നാമത്തെ മകളായി 1942 ഒക്ടോബർ 20-ന് മാമ്മി എന്നു വിളിച്ചിരുന്ന സി. ബർട്ടില്ല ജനിച്ചു.

1971 ൽ മൂലമറ്റത്ത് സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താസ് കോൺഗ്രിഗേഷനിലെ ആദ്യബാച്ചിൽ അംഗമായി ചേർന്ന മാമ്മി പരിശീലന കാലഘട്ടത്തിലെ പ്രാർത്ഥനയ്ക്കും പരിചിന്തന ത്തിനുംശേഷം 1974 മെയ്യ് 22 ന് ആദ്യവ്രതവാഗ്ദാനത്തിലൂടെ സന്യാസസമൂഹ ത്തിലെ അംഗമായി തീരുകയും സി. ബർട്ടില്ല എന്ന പേർ സ്വീകരിക്കുകയും ചെയ്തു. 1981 മെയ് 4-ന് നിത്യവ്രതവാഗ്ദാനം നടത്തി.

ജീവകാരുണ്യപ്രവർത്തനങ്ങളിൽ തത്പരയായിരുന്ന സി. ബർട്ടില്ല മൂലമറ്റം, പാലാ, കുടയത്തൂർ, അമനകര, ഉജ്ജൈയിൻ, കട്ടപ്പന, നാഗമ്പടം, മുക്കൂട്ടുതറ, പാലാക്കാട്, ചെങ്ങളം, പൈങ്കുറ്റി, കുമാരനല്ലൂർ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. പല ഭവനങ്ങളിലും സുപ്പീരിയറായും ശുശ്രൂഷ ചെയ്തു.

ആയിരുന്ന സ്ഥലങ്ങളിലെല്ലാം ആത്മാർത്ഥതയോടെ ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന ബർട്ടില്ലാമ്മ പാവപ്പെട്ടവരുടെ മനസ്സിൽ എന്നും ജ്വലിച്ചുനിൽക്കുന്ന വ്യക്തിത്വമാണ്. പാവങ്ങൾക്ക് വീടു നിർമിച്ചുകൊടുക്കുവാനും ധാരാളം കുട്ടികൾക്ക് പഠനത്തിനും, രോഗികൾക്ക് ചികിത്സക്കും, പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹത്തിനുമായി സാമ്പത്തികസഹായം കണ്ടെത്തുവാനും വൈദികവിദ്യാർത്ഥികളെ സഹായിക്കുവാനും യുവതീയുവാക്കൾക്ക് ജോലി കണ്ടെത്താനുമുള്ള സാമ്പത്തിക സഹായം നല്കുവാനും ബർട്ടില്ലാമ്മ ശ്രദ്ധിച്ചിരുന്നു. അമ്മ ഈ സഹായങ്ങൾക്കെല്ലാം സ്രോതസ്സ് കണ്ടെത്തിയിരുന്നത് പാലാ രൂപതയിൽനിന്നും സെന്റ് മർത്താസിന്റെ ജനറലേറ്റിൽനിന്നും

സമൂഹത്തിൽ സാമ്പത്തികമായി ഉയർന്ന നിലയിലുള്ള സുമനസ്സുകളായ വ്യക്തികളിൽ നിന്നുമായിരുന്നു. മദ്യപാനികളുടെയും മാനസികരോഗികളുടെയും പുനരുദ്ധാരണത്തിനും അവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും സമയം കണ്ടെത്തിയിരുന്ന ബർട്ടില്ലാമ്മ പാവപ്പെട്ടവർക്കും അവശതയനുഭവിക്കുന്ന വർക്കും വേണ്ടി നിലകൊള്ളുകയും ശബ്ദമുയർത്തുകയും ചെയ്തിരുന്നു.

ദാരിദ്ര്യവ്രതത്തിന്റെ ഉദാത്തമാതൃകയായ സി. ബർട്ടില്ല ഉപവസിച്ചശേഷം ആ ഭക്ഷണം പാവങ്ങൾക്കു കൊടുത്തിരുന്നു. തനിക്ക് ലഭിച്ചിരുന്ന സാധനങ്ങളും സമ്മാനങ്ങളും സ്വന്തമായി സൂക്ഷിക്കാതെയും ഉപയോഗിക്കാതെയും മറ്റുള്ളവർക്കു നൽകുന്നതിലുള്ള സിസ്റ്ററിന്റെ ഉദാരമനസ്കത ഏറെ ശ്രദ്ധാർഹവും പ്രചോദനപരവുമാണ്. കോട്ടയത്ത് പി. യു. തോമസിന്റെ നവജീവനിൽ ഒരു വർഷത്തോളം ചെയ്ത ശുശ്രൂഷകൾ പാവങ്ങളോടും അവശത അനുഭവിക്കുന്നവ രോടുമുള്ള ബർട്ടില്ലാമ്മയുടെ കരുതലും സ്നേഹവും വെളിവാക്കുന്നതാണ്.

കാൻസർ രോഗത്തിന്റെ അസ്വസ്ഥതകൾ അലട്ടിയിരുന്നെങ്കിലും അത് കാര്യമാക്കാതെ ഈശോയുടെ കരങ്ങളിൽനിന്നും ശക്തി സംഭരിച്ച് അധ്വാനിക്കുന്നതിൽ സി. ബർട്ടില്ല തീക്ഷ്ണമതിയായിരുന്നു. 2021 ഡിസംബർ 2-ന് ഉണ്ടായ വീഴ്ചയെ തുടർന്ന് ഒരു മാസമായി മൂലമറ്റം ബിഷപ്പ് വയലിൽ ഹോസ്പിറ്റലിൽ അഡ്മിറ്റാ യിരുന്ന സിസ്റ്റർ 2022 ജനുവരി 8-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

2022 ജനുവരി 11 ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് വി. കുർബ്ബാനയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. വി. കുർബ്ബാനക്ക് കുടയത്തൂർ മുൻ വികാരി ബഹു. തോമസ് ബ്രാഹ്മണവേലി, ബഹു. റ്റോമി മങ്ങാട്ട്ത്താഴെ, ബഹു. ജിയോ കണ്ണൻകുളം സി.എം.ഐ. എന്നിവർ കാർമ്മികത്വം വഹിച്ചു. തുടർന്ന് പാലാ രൂപത വികാരി ജനറാൾ മോൺ. ഡോ. ജോസഫ് തടത്തിൽ കാർമ്മികത്വം വഹിച്ച ശുശ്രൂഷകൾക്കുശേഷം കുടയത്തൂർ സെന്റ് അഗസ്റ്റ്യൻസ് ദൈവാലയ സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## JANUARY 2022

| | | |
|---|---|---|
| 01 | 10.00 am | പ്ലാശനാൽ ഇടവകയിൽ ബഹുമാനപ്പെട്ട തോട്ടപ്പള്ളി ജയിംസച്ചന്റെ പൗരോഹിത്യസ്വീകരണ സുവർണ ജൂബിലിയോടനുബന്ധിച്ച് അർപ്പിച്ച പരിശുദ്ധ കുർബാനമദ്ധ്യേ വചനസന്ദേശം നൽകി. |
| | 02.15 pm | ഉള്ളനാട് ഇടവകയിൽ ഡീക്കൻ ജോർജ് ചാത്തൻകുന്നേലിനു പൗരോഹിത്യപട്ടം നൽകി. |
| | 05.45 pm | കുറവിലങ്ങാട് ഫൊറോനയിൽ ദൈവകാരുണ്യത്തിന്റെ പ്രഘോഷകർ ആരംഭിച്ച ആശ്രമത്തിന്റെ വെഞ്ചെരിപ്പുകർമത്തിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| 02 | 06.00 pm | പാലാ ബിഷപ്സ് ഹൗസിൽ ദീപികയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 03 | 09.15 pm | വലവൂർ ഇടവകയിൽ ഡീക്കൻ അബ്രാഹം കുഴിമുള്ളിലിന് പൗരോഹിത്യപട്ടം നൽകി. |
| 04 | 02.30 pm | ഭരണങ്ങാനം ഫൊറോനയിൽ കളപ്പുരപ്പറമ്പിൽ ശ്രീ കെ. ഐ. ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.30 pm | മണ്ണയ്ക്കനാട് ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 05.00 pm | മണ്ണയ്ക്കനാട് ഇടവകയിൽ പുതുതായി പണികഴിപ്പിച്ച കൊടിമരത്തിന്റെ ആശീർവാദകർമം നിർവഹിച്ചു. |
| | 06.15 pm | മുട്ടുചിറ ഹോളിഗോസ്റ്റ് ഹോസ്പിറ്റലിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 05 | 09.15 am | മോനിപ്പള്ളി ഇടവകയിൽ ഡീക്കൻ ജോൺ പുറക്കാട്ടുപുത്തൻപുരയ്ക്ക് പൗരോഹിത്യപട്ടം നൽകി. |
| | 06.45 pm | പാലാ കത്തീഡ്രലിൽ രാക്കുളിത്തിരുനാളിനോടനുബന്ധിച്ച് നടത്തിയ പുറത്തുനമസ്കാരത്തിൽ സംബന്ധിച്ചു സന്ദേശം നൽകി. |
| 06 | 09.15 am | പയസ്മൗണ്ട് ഇടവകയിൽ ഡീക്കൻ അലക്സ് കളരിപറമ്പിൽ ഒ.സി.ഡിക്ക് പൗരോഹിത്യപട്ടം നൽകി. |
| 7-15 | | കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽ മുപ്പതാമതു സീറോ മലബാർ ബിഷപ്സ് സിനഡിൽ പങ്കെടുത്തു. |
| 16 | 10.00 am | മറ്റക്കര ഇടവകയിൽ ഇടവകയുടെ ശതോത്തരരജതജൂബിലി ഉദ്ഘാടനം ചെയ്തു പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 12.45 pm | ഭരണങ്ങാനം ഫൊറോനയിൽ അഭിവന്ദ്യ ജോസഫ് അഗസ്റ്റ്യൻ ചരണകുന്നേൽ പിതാവിന്റെ സഹോദരി ശ്രീമതി റോസമ്മ ജോസഫ് തയ്യിലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | കൊഴുവനാൽ ഇടവകയിൽ ബഹുമാനപ്പെട്ട ജോസ് വടക്കേക്കുറ്റ് അച്ചന്റെ മാതാവ് ശ്രീമതി മറിയക്കുട്ടി കുര്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 04.30 pm | തോടനാൽ ഇടവകയിൽ ഒരു ഭവനത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 17 | 11.00 am | ഭരണങ്ങാനം ഫൊറോനയിൽ വിവാഹം ആശീർവദിച്ചു. |
| 21 | 10.00 am | സീറോ മലബാർ ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 22 | 02.00 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം തീർത്ഥാടന ഇടവകയിൽ ശ്രീമതി അന്നമ്മ ആന്റണി തെക്കേടത്തിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 05.00 pm | അരുവിത്തുറ ഫൊറോനയിൽ പുതുതായി നിർമിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| | 06.30 pm | വാരിയാനിക്കാട് ഇടവകയിൽ നവീകരിച്ച സിമിത്തേരിയുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 23 | 06.00 pm | ദീപിക അപെക്സ് ബോർഡിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 24 | 09.15 am | തീക്കോയി ഫൊറോനയിൽ ഡീക്കൻ മൈക്കിൾ അമ്പാട്ട് സി.എം.ന് പൗരോഹിത്യപട്ടം നൽകി. |
| 25 | 04.30 pm | പകലോമറ്റം തറവാട്ടുപള്ളിയിൽ സഭൈക്യവാരാചരണത്തോടനുബന്ധിച്ചു പ്രാർത്ഥനശുശ്രൂഷയിൽ സംബന്ധിച്ചു സന്ദേശം നൽകി. |
| 26 | 09.15 am | കാഞ്ഞിരത്താനം ഇടവകയിൽ ഡീക്കൻ മാത്യു തെന്നാട്ടിലിന് പൗരോഹിത്യപട്ടം നൽകി. |
| 27 | 03.30 pm | ഊാലം പഴയപള്ളിയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമം നിർവഹിച്ചു. |
| 28 | 10.00 am | മണലുങ്കൽ ഇടവകയിൽ ബഹുമാനപ്പെട്ട ഇമ്മാനുവേൽ കൊട്ടാരത്തിൽ അച്ചന്റെ മാതാവ് ശ്രീമതി ചിന്നമ്മ ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | സീറോ മലബാർ ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 29 | 04.00 pm | കീഴൂർ ഇടവകയിൽ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ചെഞ്ചേരി അച്ചന്റെ പിതാവ് ശ്രീ പി.ജെ. വർഗീസിന്റെ മൃതസംസ്കാരുശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു. |
| | 08.30 pm | സീറോ മലബാർ ഇന്റർനെറ്റ് മിഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## JANUARY 2022

| | | |
|---|---|---|
| 01 | 9.15 am | മലയിഞ്ചിപ്പാറ ഇടവകയിൽ ഡീക്കൻ തോമസ് പ്ലാത്തോട്ടത്തിനു പൗരോഹിത്യപട്ടം നൽകി. |
| | 05.30 pm | ഉദയഗിരി ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ ആശീർവ്വാദ കർമ്മത്തിൽ പങ്കെടുത്ത് പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| 02 | 08.30 am | അന്ത്യാളം ഇടവകയിൽ വികാരി ബഹു. കുര്യൻ ആനിത്താനത്തച്ചന്റെ രജത ജൂബിലിയാഘോഷങ്ങളിൽ സംബന്ധിച്ചു മുഖ്യപ്രഭാഷണം നടത്തി. |
| | 02.30 pm | മുട്ടുചിറ ഫൊറോനാ ദൈവാലയത്തിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| 03 | 11.00 am | തൃശൂർ അതിരൂപത ചേമ്പുകാവ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 04 | 09.15 am | അൽഫോൻസാപുരം ഇടവകയിൽ ഡീക്കൻ മാമലശ്ശേരിൽ ടോം ജോസിനു പൗരോഹിത്യപട്ടം നൽകി. |
| | 03.30 pm | ഭരണങ്ങാനം ഫൊറോനയിൽ കളപ്പുരപ്പറമ്പിൽ ശ്രീ.കെ. ഐ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 06 | 07.30 am | മാങ്ങാനം 'ട്രാഡ'യിൽ പുതുതായി നിർമിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. |
| | 10.00 am | പാലാ കത്തീഡ്രലിൽ ദനഹാത്തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാനയർപ്പിച്ചു വചനസന്ദേശം നൽകി. |

| | | |
|---|---|---|
| 07 | 11.00 am | കാഞ്ഞിരമറ്റം ഇടവകയിൽ പള്ളിപ്പറമ്പിൽ ശ്രീ വർക്കി മത്തായിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | മുട്ടുചിറഫൊറോനയിൽ ഏറ്റുമാനൂക്കാരൻ പര്യാത്തുപറമ്പിൽ ശ്രീ. പി.ജെ. കുര്യന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 7-15 | | കാക്കനാട്ട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ ബിഷപ്സ് സിനഡിൽ പങ്കെടുത്തു. |
| 16 | 10.30 am | കടനാട് ഫൊറോനയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനർപ്പിച്ചു വചനസന്ദേശം നൽകി. |
| | 02.00 pm | കൊഴുവനാൽ ഇടവകയിൽ ബഹു. ജോസ് വടക്കേക്കുറ്റ് അച്ചന്റെ മാതാവ് ശ്രീമതി മറിയക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 17 | 11.30 am | മണ്ണയ്ക്കനാട് ഇടവകയിൽ പെട്ടയ്ക്കാട്ട് ശ്രീ. പി. ജെ. ഫ്രാൻസിസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.00 noon | പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. |
| | 12.30 pm | പാലാ കത്തീഡ്രലിൽ തെക്കേകുന്നുംപുറത്ത് ശ്രീ ടി. യു. ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 18 | 02.00 pm | പാലാ സെന്റ് തോമസ് കോളജിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 19 | 10.30 am | മണ്ണയ്ക്കനാട് പള്ളിയിൽ LAR സന്ന്യാസിനി സമൂഹത്തിന്റെ സഭാവസ്ത്ര സ്വീകരണകർമ്മത്തിലും പ്രഥമ – നിത്യവ്രതവാഗ്ദാന കർമ്മങ്ങളിലും മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 03.30 pm | പൂവരണി ഇടവകയിൽ പാറേക്കാട്ട് മറ്റപ്പള്ളിൽ ശ്രീമതി ജോമോളിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 20 | 11.00 am | കുര്യനാട് സി.എം.ഐ ആശ്രമത്തിൽ ബഹു. ജോസഫ് സിൽവസ്റ്റർ തേക്കുങ്കൽ CMI അച്ചന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.00 noon | നീലൂർ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 03.00 pm | രാമപുരം ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 21 | 11.30 am | സ്ലീവാപുരം ഇടവകയിൽ കൊഹിമ രൂപതാംഗമായ ബഹു. മനോജ് ഒഴുകുതൊട്ടിയിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 05.30 pm | കുറവിലങ്ങാട് മർത്തമറിയം ആർച്ചു ഡീക്കൻ ഫൊറോനയിൽ തെക്കേടത്ത് ശ്രീമതി അന്നമ്മ ആന്റണിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 06.00 pm | വാലാച്ചിറ ഇടവകയിൽ പറമ്പിൽ ശ്രീ സണ്ണിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 10.30 am | പാലയ്ക്കാട്ടുമല പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി ആഘോഷിക്കുന്ന ബഹു. സിസ്റ്റേഴ്സിനായി വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 05.00 pm | മറ്റക്കര ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 23 | 03.30 pm | കാക്കൂർ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് റാസക്കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| 24 | 11.00 am | കൊഴുവനാൽ പള്ളിയിൽ വിവാഹം ആശീർവദിച്ചു |
| 26 | 11.00 am | കടുത്തുരുത്തി ഫൊറോനപള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 03.00 pm | കുരുവിനാൽ ഇടവകയിൽ ഭവനം ആശീർവദിച്ചു. |
| | 04.30 pm | പാലാ കത്തീഡ്രലിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |

| | | |
|---|---|---|
| 28 | 10.00 am | മണലുങ്കൽ ഇടവകയിൽ ബഹു. ഇമ്മാനുവൽ കൊട്ടാരത്തിലച്ചന്റെ മാതാവ് ശ്രീമതി ചിന്നമ്മ ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് സഹ കാർമികത്വം വഹിച്ചു. |
| 29 | 11.30 am | നീലൂർപള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 01.30 pm | മുട്ടുചിറ ഫൊറോനപള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 04.00 pm | കീഴൂർ ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ ചെഞ്ചേരി ലച്ചന്റെ പിതാവ് ശ്രീ പി.ജെ. വർഗീസിന്റെ മൃതസം സ്കാരശുശ്രൂഷകൾക്ക് സഹകാർമികത്വം വഹിച്ചു. |

# നവവൈദികർക്ക്
# പ്രാർത്ഥനാശംസകൾ



Fr. Chathankunnel
George



Fr. Chengazhacheril
Joseph



Fr. Kuruvachira
Joanny



Fr. Kuzhimullil
Abraham



Fr. Mamalasseril
Tom Jose



Fr. Mecheril
Augustine



Fr. Naduthadam
John



Fr. Plathottam
Thomas



Fr. Purakkattu
puthenpura
John



Fr.Thayil
Mathew



Fr. Thennattil
Mathew



Fr. Thottathil
Joseph

**2022**
**FEBRUARY**

☆ SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN



BISHOPS OF THE SYRO-MALABAR CHURCH

XXX Synod - 7th to 15th January 2022

Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel